# 4

# ക്രിസ്തുവിന്റെ ശ്രേഷ്ഠത

## കൊലൊസ്യർ 1:15- 20

കൊലൊസ്യർ 1:15–20 ൽ ഒരു മാറ്റം സംഭവിക്കുന്നുണ്ട്. പൗലൊസും കൂട്ടരും കൊലൊസ്യർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ കുറിച്ചുള്ള വിശദീകരണവും വന്ദനവും അവസാനിപ്പിക്കുകയാണ്. പിന്നെ അവൻ യേശുവിന്റെ ശ്രേഷ്ഠത, സ്വഭാവം എന്നിവ ഉയർത്തി കാണിക്കുവാൻ തുടങ്ങി. അവൻ എഴുതിയത് യേശു (1) ദൈവത്തിന്റെ പ്രതിമയാണ്, അത് പുതിയ നിയമത്തിൽ മറ്റു രണ്ടു ഭാഗങ്ങളിൽ കൂടെ പറഞ്ഞിരിക്കുന്നു (2 കൊ. 4:4; എബ്രാ. 1:3); (2) സകല സൃഷ്ടികളുടേയും ആദ്യജാതൻ; (3) സകലത്തിന്റേയും സൃഷ്ടികർത്താവ്; (4) സകലത്തിനും മുമ്പൻ; (5) സകലവും വഹിക്കുന്നവൻ; (6) സഭയുടെ തല; (7) സൃഷ്ടിയുടെ ഉറവിടം; (8) മരിച്ചവരിൽനിന്നും ആദ്യജാതൻ; (9) അവൻ സകലത്തിനും ആധാരമായിരിക്കുന്നു; (10) സർവ്വ സമ്പൂർണ്ണതയും നിറഞ്ഞിരിക്കുന്നവൻ; (11) മനുഷ്യരെ ദൈവത്തോട് അവൻ നിരപ്പിക്കുന്നു.

പ്രാരംഭ സഭ ഒരു ഗീതമായി ഉപയോഗിച്ചതാണ് വാക്യങ്ങൾ 15 മുതൽ 20 വരെ എന്നാണ് ചില വ്യാഖ്യാതാക്കൾ വിശ്വസിക്കുന്നത്. വാക്യങ്ങൾ 18 മുതൽ 20 വരെയുള്ള ഭാഗങ്ങൾ, 15 മുതൽ 17 വരെയുള്ള ഭാഗങ്ങളുടെ സമാന്തരമാണെന്നും, ആരംഭ സഭ ഒരു മാപിനി പോലെ ആ വാക്യങ്ങളിൽ ഒരു ഗീതം കണ്ടു എന്നും പറയുന്നു. യേശു ഈ ലോകത്തിലേക്ക് വന്നതും ഇവിടെനിന്നു പോയതും 1 തിമൊഥെയൊസ് 3:16 ൽ പ്രകടിപ്പിച്ചിരിക്കുന്നു, അതും ഒരു ഗീതമായി പ്രാരംഭ സഭ പരിഗണിച്ചിരുന്നു. യേശുവിന്റെ മഹത്വത്തെ വർണ്ണിക്കുന്നത് വർദ്ധിപ്പിക്കുവാൻ പ്രാരംഭ സഭ ഗീതമായി എടുത്തിരുന്നതും പൗലൊസിനു പരിചയമുണ്ടായിരുന്നതും അവൻ ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നതായി ചിലർ വിചാരിക്കുന്നു (1 തിമൊ. 1:15; 3:1; 4:8, 9; 2 തിമൊ. 2:11–13; തിത്തൊ. 3:4–8.)

ക്രിസ്തുവിനെ കുറിച്ചുള്ള നോസ്റ്റിക്സുകാരുടെ തെറ്റായ ഉപദേശത്തെ ഖണ്ഡിക്കുവാനായിരുന്നു പൗലൊസ് എഴുതിയത് എന്ന ഒരഭിപ്രായവും പരന്നിരുന്നു. അതിനു സാധ്യത കുറവാണ്, കാരണം നോസ്റ്റിസത്തിന്റെ വിത്ത് ആ സമയത്ത് വീണു തുടങ്ങിയതേ ഉള്ളു, അത് വളർന്നു വന്നത് രണ്ടാം നൂറ്റാണ്ടിൽ മാത്രമാണ്. എന്നിരുന്നാലും നോസ്റ്റിസത്തിന്റെ ചിന്തകളെ പ്രതിരോധിക്കുവാൻ പര്യാപ്തമായതാണ് യേശുവിനെ കുറിച്ചു പൗലൊസ് വിവരിച്ചിരിക്കുന്നത്.

### അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സകല സൃഷ്ടികളുടേയും ആദ്യജാതനും (1:15)

**15അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു.**

**"അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാകുന്നു" (1:15)**

**അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാകുന്നു** എന്നാണ് പൗലൊസ് യേശുവിനെ കുറിച്ചു പറഞ്ഞത്. "പ്രതിമ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*എയിക്കോൺ*) "ഐക്കോൺ" എന്നും തർജിമ ചെയ്യാം, അർത്ഥം "പോലെ" എന്നാണ്. ഈസ്റ്റേൺ ഓർത്തഡോക്സ് ചർച്ചുകൾ യേശുവിനെയും, മറിയയേയും, മറ്റു വിശുദ്ധന്മാരേയും പ്രതിനിധീകരിക്കുവാൻ "ഐക്കോൺസ്" ആണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ തികഞ്ഞ പ്രതിനിധിയായി, പിതാവിനെ യഥാർത്ഥമായി പ്രദർശിപ്പിക്കുന്ന, "ഐക്കൊൺ" ആണ് യേശു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന "പ്രതിമ" പുറമെ അതുപോലെ തോന്നിപ്പിക്കുന്നതും വെളിപ്പെടുത്താൻ കഴിയാത്തതുമായ ആന്തരിക വ്യക്തിത്വത്തെയും സ്വഭാവത്തെയും കാണിക്കുകയാണ്. യേശു പിതാവിന്റെ യഥാർത്ഥ പ്രതിരൂപമാണ് കാരണം അവനിൽ അവന്റെ സമ്പൂർണ്ണതയും, വ്യക്തിത്വവും, ദൈവിക സ്വഭാവവും ഉണ്ട്. അവൻ അദൃശ്യ ദൈവത്തെ ദൃശ്യമാക്കുകയും ഗ്രാഹ്യമാക്കുകയും ചെയ്തു. അവൻ മുഖാന്തരം ദൈവത്തിന്റെ സമ്പൂർണ്ണത വെളിപ്പെടുത്തി.

മനുഷ്യർക്ക് പിതാവിനെ വെളിപ്പെടുത്തുവാനാണ് യേശു വന്നത് (യോഹ. 1:18). യേശുവിനെ കാണുന്നവൻ പിതാവിനെ കാണുന്നു (യോഹ. 12:45; 14:9). "അവൻ അവന്റെ തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയുമാണ്" (എബ്രാ. 1:3). എല്ലാറ്റിലും അവൻ പിതാവിന്റെ സത്തയും സ്വഭാവവും മഹത്വവും ആണ്. അവൻ ദൈവത്തെ തന്നെയാണ് വരച്ചു കാണിക്കുന്നത്. "വചനം" (*ലോഗോസ്*; യോഹ. 1:1, 14) എന്ന ആശയം വ്യക്തമാക്കുന്നത് യേശു എല്ലാവർക്കും ദൈവത്തെ പ്രകടമാക്കുന്നു എന്നത്രെ. പൗലൊസ് എഴുതിയ രൂപം വ്യക്തമാക്കുന്നത് യേശു ജഡമായി തീർന്നു എന്നു മാത്രമല്ല, യേശു നിത്യനാണ് എന്നുകൂടെയാണ്.

യേശു ദൈവമായില്ലായിരുന്നുവെങ്കിൽ ലോകത്തുള്ളവർക്ക് പിതാവായ ദൈവത്തെ കാണിച്ചുകൊടുപ്പാൻ അവനു കഴിയുകയില്ലായിരുന്നു; അങ്ങനെ വരുമ്പോൾ അവനു പിതാവിൽ താഴെയുള്ള ഒരാളെ പ്രതിനിധീകരിക്കുവാനേ അവനു കഴിയുമായിരുന്നുള്ളു. താൻ ദൈവത്തെ പിതാവ് എന്നു വിളിക്കുകയും, ദൈവപുത്രൻ എന്ന് അവകാശപ്പെടുകയും ചെയ്തപ്പോൾ, അവൻ "ദൈവം" ആണെന്ന് പറഞ്ഞതായി യെഹൂദന്മാർ മനസിലാക്കിയിരുന്നു (യോഹ. 10:32–36).

യേശുവും ദൈവവും ഒന്നാണ് എന്നു പറഞ്ഞിരിക്കുന്നത് അവർക്ക് ഒരേ സ്വഭാവമാണുള്ളത് എന്നു തെളിയിക്കുന്നു. "ഞാനും പിതാവും ഒന്ന്" (യോഹ. 10:30) എന്നു പറഞ്ഞ ശേഷം, ആ ഐക്യതയുടെ രീതി വ്യക്തമാക്കുവാൻ പറഞ്ഞു, "പിതാവ് എന്നിലും, ഞാൻ പിതാവിലും ആകുന്നു" (യോഹ. 10:38; കൂടാതെ 14:10, 11, 20). പിതാവും പുത്രനും ഒന്നാകുന്നു എന്നത് ഭൗതികമായി സാധ്യമല്ല.

യേശുവിനു മനുഷ്യനാകുന്നതിനു–മുൻപുള്ളതും മനുഷ്യനായതിനു–ശേഷമുള്ള ഒരവസ്ഥയുണ്ടായിരുന്നു, ഇപ്പോൾ പിതാവിന്റെ തേജസും സ്വഭാവവുമാണ് അവനുള്ളത്. എല്ലായ്പ്പോഴും യേശുവിന് പിതാവിന്റെ ചിന്തയും, മനോഭാവവും, സ്വഭാവവുമാണുള്ളത്. മാനസികമായും ആത്മികമായും അവർ തമ്മിൽ പൂർണ്ണ യോജിപ്പാണുള്ളത്. അക്കാരണത്താൽ യേശു പിതാവിന്റെ പൂർണ്ണ പ്രതിനിധിയാണ്. ലോകത്തെ കുറിച്ചുള്ള അവന്റേയും പി

താവിന്റേയും, ആത്മികമായും, നിത്യമായും, ധാർമ്മികമായും ഒരേ കാഴ്ച്ചപ്പാട് തന്നെയാണ്. ഏതെങ്കിലും കാര്യത്തിൽ ഒരാൾക്ക് യേശുവിന്റെ സമീപനം മനസിലായാൽ, അയാൾക്ക് പിതാവിന്റെയും മനസിലാക്കുവാൻ കഴിയും. യേശുവിന്റെ സ്വഭാവം "കാണുവാനും" മനസിലാക്കുവാനും കഴിയുന്നവർക്ക് പിതാവിന്റെ സ്വഭാവം മനസിലാക്കുവാൻ കഴിയും.

യേശു വരുന്നതിനു മുൻപ് മനുഷ്യർക്ക് ദൈവത്തെ ഒരു മിന്നൽ പോലെ അഥവാ മങ്ങിയ രീതിയിൽ മാത്രമെ കാണുവാൻ കഴിഞ്ഞിരുന്നുള്ളു, പക്ഷെ അവൻ വന്ന ശേഷം അവന്റെ സ്വഭാവത്തെ യേശു പൂർണ്ണമായി വെളിപ്പെടുത്തി. യേശു തോമസിനോട് പറഞ്ഞു, "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹ. 14:9; യോഹ. 12:45 നോക്കുക). ദൈവം ജഡത്തിൽ മനുഷ്യനായി തീർന്നവനാണ് യേശു (യോഹ. 1:14; 1 തിമൊ. 3:16).

ദൈവം അദൃശ്യനായതിനാൽ, ഭൗതികമായ സമീപനത്താൽ അവനെ മനസിലാക്കുവാൻ സാധ്യമല്ല. കരകൗശല വിദഗ്ധന്റെ കരവിരുതിനാൽ ഭൗതികമായി അവനെ പ്രതിനിധീകരിക്കുവാൻ കഴിയുകയില്ല. ന്യായപ്രമാണം നൽകിയപ്പോൾ, ദൈവത്തിന്റെ രൂപം നൽകിയിരുന്നില്ല. അതിനാൽ അവനെ പ്രതിനിധീകരിക്കുവാൻ ഭൗതികമായി യാതൊന്നും ഉണ്ടായിരുന്നില്ല (ആവ. 4:15–18).

മോശെ ദൈവത്തിന്റെ പിൻവശം മാത്രമാണ് കണ്ടത്, മുഖം കണ്ടിരുന്നില്ല. (പുറ. 33:20–23); കാരണം അവനെ കണ്ട് ആർക്കും ജീവിച്ചിരിക്കുവാൻ കഴിയുകയില്ല. മനുഷ്യർക്ക് സാധാരണ കാണുവാൻ കഴിയാത്തത് കാണത്തക്ക വണ്ണം ദൈവം ഒരുപക്ഷെ മോശെയുടെ കണ്ണ് മാറ്റിയിരിക്കാം. ദൈവത്തിന്റെ മഹത്വത്തിന്റെ മനോഹാരിത ഉജ്വലമാകയാൽ മനുഷ്യ കണ്ണുകളാൽ അവനെ കാണുക പ്രയാസമാണ് (യോഹ. 1:18; 6:46). മനുഷ്യ ശരീരത്തിലായിരിക്കുന്ന കാലത്തോളം അവനു ദൈവത്തെ കാണുവാൻ സാധ്യമല്ല (1 തിമൊ. 6:16; 1 യോഹ. 4:12). ആത്മിയ ശരീരത്തിലേക്ക് മാറിയാൽ മാത്രമെ (1 കൊ. 15:44; ഫിലി. 3:21) ഒരു ക്രിസ്ത്യാനിക്ക് ദൈവത്തെ കാണുവാനും അവന്റെ മുഖത്ത് നോക്കുവാനും കഴിയുകയുള്ളു (1 യോഹ. 3:2; വെളി. 22:4).

### "സർവ്വ സൃഷ്ടികളുടേയും ആദ്യജാതൻ" (1:15)

യേശു ആദ്യജാതനാണെന്നും പൗലൊസ് പറഞ്ഞു. "ആദ്യജാതൻ" (*പ്രോട്ടോടോക്കൊസ്*) എന്ന വാക്ക് പുതിയനിയമത്തിൽ മറ്റൊരു ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത് കാണാം (എബ്രാ. 1:6; വെളി. 1:5). അതിൽ നിന്നാണ് ഇംഗ്ലീഷിലെ "പ്രോട്ടോ ടൈപ്" എന്ന വാക്ക് വന്നത്. എഡ്വേർഡ് സ്കെയ്സ്വർ പറഞ്ഞതനുസരിച്ച്, "... ആ പ്രയോഗം മൂത്ത സഹോദരൻ എന്ന് അർത്ഥം വരണമെന്നില്ല, അത് പ്രത്യേക സ്ഥാനമായ അപ്പന്റെ പ്രിയ മകൻ എന്നു മാത്രമെ അർത്ഥമാകുന്നുള്ളു."[1]

എബ്രായ കുടുംബത്തിൽ ആദ്യജാതന് ഉയർന്ന സ്ഥാനമാണ് ഉള്ളത്. അവന് പിതാവിന്റെ അനുഗ്രഹം ലഭിക്കും (ഉല്. 27:1–4, 19, 34–37). അവനു ജന്മാവകാശവും ഉണ്ടായിരിക്കും (ഉല്. 43:33). അവനെ യാക്കൊബിന്റെ മൂത്ത മകനായതിനാൽ രൂബേനെ മറ്റുസഹോദരങ്ങൾ ബഹുമാനിക്കണമായിരുന്നു (ഉല്. 37:22, 23 നോക്കുക). മറ്റു മക്കൾക്ക് ലഭിക്കുന്ന അവകാശങ്ങളുടെ ഇരട്ടിയായിരിക്കും ആദ്യജാതനു ലഭിക്കുക (ആവ. 21:17). പല സന്ദർഭങ്ങളിലും ആദ്യം ജനിക്കുന്നവനെയാണ് പലപ്പോഴും "ആദ്യജാതൻ" ആയി പരിഗണി

ക്കുന്നത് (ഉല്. 19:34; 27:19). ഏറ്റവും ഉയർന്നവനെയും സ്നേഹിക്കുന്നവനേയും അത്തരത്തിൽ ചിലപ്പോൾ പരിഗണിച്ചിരുന്നു.

യിസ്രായേലിനെ ദൈവത്തിന്റെ “ആദ്യജാതൻ” എന്നു വിളിച്ചിരുന്നു (പുറ. 4:22). ദാവീദിനെ ആദ്യജാതൻ എന്നു വിളിച്ചിരുന്നു (സങ്കീ. 89:27). അതുപോലെയായിരുന്നു എഫ്രയിം (യിരെ. 31:9). ക്രിസ്ത്യാനികളെയും ആദ്യജാതന്മാരായി പരിഗണിച്ചിരിക്കുന്നു (എബ്രാ. 12:23), പക്ഷെ അവരുടെ ജനനം വ്യത്യസ്ത കാലയളവിലാണെന്നു മാത്രം. യിസ്രായേൽ ദൈവത്തിന്റെ പ്രത്യേക നേട്ടമുള്ള ജനമായിരുന്നു, എന്നാൽ ജാതികളിൽ ആദ്യജാതനായിരുന്നില്ല അവർ. ദാവീദ് തന്റെ കുടുംബത്തിൽ എട്ടാമത്തവനായിരുന്നു (1 ശമു. 16:10, 11), എഫ്രയിം യോസേഫിന്റെ രണ്ടാമത്തെ മകനായിരുന്നു (ഉല്. 41:51, 52). ആ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന “ആദ്യജാതൻ” എന്നതുകൊണ്ട് ആദ്യം ജനിച്ചു എന്നതല്ല അർത്ഥമാക്കുന്നത്. പകരം, “ആദ്യജാതൻ” എന്നു പറയുന്നത് ആദ്യജാതന്റെ അവകാശവും നേട്ടവും അവർക്കുണ്ടായിരുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

> “സകലസൃഷ്ടികളുടേയും ആദ്യജാതൻ” എന്ന പ്രയോഗം പുത്രനെ മാത്രമല്ല അർത്ഥമാക്കുന്നത്, സൃഷ്ടിയേയും, നീണ്ട വരിയിൽ ആദ്യം വരുന്ന ആൾ, എന്നിവ വാക്യം 16 ൽ വ്യക്തമായി വരച്ചു കാണിച്ചിരിക്കുന്നു. അവൻ മുമ്പുണ്ടായിരുന്നവനും, വ്യത്യസ്തനും, സകല സൃഷ്ടിക്കും ഏറ്റവും ഉയർന്നവനുമാകുന്നു. ആദ്യജാതൻ എന്ന നിലക്ക് അവൻ സകലത്തിന്റേയും ഭരണാധികാരിയും അവകാശിയുമാണ്.[2]

അവൻ ആദ്യജാതൻ എന്ന് ഇവിടേയും മറ്റു വേദഭാഗങ്ങളിലും പറഞ്ഞിരിക്കുന്നത് (റോമ. 8:29; കൊലൊ. 1:18; എബ്രാ. 1:6; വെളി. 1:5) യോസേഫിന്റെ കുടുംബത്തിൽ മറിയയുടെ ആദ്യമകൻ ആയി ജനിച്ചതുകൊണ്ടാണെന്ന് ചിലർ വിശ്വസിക്കുന്നു. എങ്ങനെയായാലും, സാധ്യതയുള്ള അർത്ഥം അതല്ല. സൃഷ്ടിച്ച സകലവുമായുള്ള ബന്ധത്തിൽ, യേശുവിന് ആദ്യജാതൻ എന്ന നേട്ടവും ആദരവുമാണ് ഇവിടെ പൗലൊസ് സൂചിപ്പിക്കുന്നത്. ആദ്യജാതൻ ആയതിനാൽ, അവന് “മുൻഗണനയും, ആധിപത്യവും, പരമാധികാരവുമുണ്ട്.”[3]

എച്ച്. സി. ജി. മൗൾ സങ്കീർത്തനങ്ങൾ 89:27 എടുത്ത് ചൂണ്ടിക്കാട്ടിയത്, “മശിഹയുടെ, ‘ആദ്യജാതൻ’ എന്ന പ്രയോഗം പാലസ്തീനിലെ യെഹൂദന്മാർക്ക് പ്രായോഗികത വരുത്തുകയായിരുന്നു”[4] എന്നാണ്. “ആദ്യജാതൻ” എന്ന വാക്കിനെ കുറിച്ച് അദ്ദേഹം പിന്നെ പറഞ്ഞു,

> ഈ ബന്ധങ്ങളിൽ, അതിന്റെ ഉപയോഗം മനസിലാക്കിയാൽ, ആ വാക്ക് സൂചിപ്പിക്കുന്നത് (*എ*) *നിലനിൽപിലെ മുൻഗണനയാണ്*, അതുകൊണ്ട് പുത്രൻ പ്രത്യക്ഷനാകുന്നത് സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിന്റെ പൂർവ്വഗാമിയായിട്ടാണ്, അതിനാൽ നിത്യമായ ക്രമത്തിന്റെ ഭാഗമായി (താഴെയുള്ള സന്ദർഭം നോക്കുക); (*ബി*) [ആദ്യമായി ഉള്ളവൻ] എന്നത് നിത്യമായ പൂർവ്വികൻ, നിത്യമായ, പൂർവ്വികമായ അവകാശവും, സകല സൃഷ്ടിയുടേയും *കർത്തൃ*ത്വത്തെ ആണ് കാണിക്കുന്നത്.[5]

ദൈവത്തിന്റെ സൃഷ്ടികളിൽ "ആദ്യജാതനാണ്" യേശു എന്നാണ് യഹോവാ സാക്ഷിക്കാർ പഠിപ്പിക്കുന്നത്.

> [യേശുവിനെ] ദൈവത്തിന്റെ "ഏകജാതനായ" പുത്രൻ എന്നും "ആദ്യജാതൻ" എന്നും വിളിച്ചിരിക്കുന്നു (യോഹ. 1:14; 3:16; എബ്രാ. 1:6). അതിനർത്ഥം ആത്മാക്കളായ ദൈവപുത്രന്മാരിൽ അവൻ ആദ്യമായി സൃഷ്ടിക്കപ്പെട്ടവനും, അവൻ ദൈവത്താൽ നേരിട്ട് സൃഷ്ടിക്കപ്പെട്ടവനുമാണ്. ബൈബിൾ വിവരിക്കുന്നത് "ആദ്യജാതനായ" പുത്രൻ യഹോവയുമായി സൃഷ്ടിത്വത്തിൽ പങ്കു ചേർന്നിരുന്നു എന്നാണ് (കൊലൊ. 1:15, 16).[6]

യഹോവാ സാക്ഷിക്കാരുടെ ന്യൂ വേൾഡ് ട്രാൻസ്ലേഷൻ കൊലൊസ്യർ 1:16 ൽ "മറ്റു" എന്ന വാക്ക് കൂട്ടിച്ചേർത്തിരിക്കുകയാണ്: "[*മറ്റുള്ളവ*] എല്ലാം അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു" (എംഫസിസ് ആഡഡ്).[7] അവർ അന്തർലീനമാക്കുന്നത്, യേശു ആദ്യം സൃഷ്ടിക്കപ്പെടുകയും, പിന്നെ അവൻ മറ്റെല്ലാം സൃഷ്ടിക്കുകയും ചെയ്തു എന്നാണ്. അങ്ങനെ വരുമ്പോൾ, അവൻ ദൂതന്മാരെ പോലെ സൃഷ്ടിക്കപ്പെട്ടു എന്നു വരുന്നു. യേശു ദൂതനല്ല; അവൻ ദൂതന്മാരേക്കൾ ഉയർന്നവനും, ദൂതന്മാരാൽ ആരാധിക്കപ്പെടുന്നവനുമാണ് (എബ്രാ. 1:4, 6).

പുതിയനിയമ ഗ്രീക്ക് വേദപുസ്തകം പറയുന്നത്, *എൻ ആട്ടോ എക്ടിസ്തേ റ്റാ പാന്റാ* ("സകലവും അവനിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു"). "മറ്റു" എന്ന വാക്ക് ഗ്രീക്കിൽ പറയുകയോ, അന്തർലീനമാക്കുകയോ ചെയ്തതായി കാണുന്നില്ല. "മറ്റു" എന്ന വാക്ക് കൂട്ടിച്ചേർത്തത് നീതീകരിക്കാനാവാത്ത വേദശാസ്ത്രപരമായ അഭിപ്രായമാണ്, അശ്രദ്ധമായ ഗ്രീക്ക് തർജിമയാണ് അത്. സൃഷ്ടിക്കപ്പെട്ടതെല്ലാം യേശു മുഖാന്തരമാണ് സൃഷ്ടിച്ചത്, "അവൻ മുഖാന്തരമല്ലാതെ യാതൊന്നും ഉളവായിട്ടില്ല" (യോഹ. 1:3). ആ വസ്തുത തെളിയിക്കുന്നത്, യേശു സൃഷ്ടിക്കപ്പെട്ടവനല്ല എന്നാണ്, അല്ലെങ്കിൽ, അവൻ തന്നെ അവനെ സൃഷ്ടിക്കണം. ന്യു വേൾഡ് ട്രാൻസ്ലേഷൻ തർജിമ ചെയ്തവർക്ക് അവൻ സകലത്തെയും സൃഷ്ടിച്ചു എന്നത് അവരുടെ വേദശാസ്ത്ര സിദ്ധാന്തത്തിന് ഒരു പ്രശ്നമായി തോന്നി; അതുകൊണ്ട്, അവർ, അവനെ ഒഴിച്ചു "മറ്റു" എന്ന് കൂട്ടിച്ചേർത്തു, യേശു *എല്ലാം* സ്ഷ്ടിച്ചില്ല എന്നും *മറ്റെല്ലാം* അവൻ സൃഷ്ടിച്ചു എന്നും അന്തർലീനമാക്കുന്ന വിധത്തിൽ മാറ്റം വരുത്തി.

സൃഷ്ടിക്കപ്പെട്ടവരിൽ യേശുവിന് ആദ്യൻ ആകുവാനോ, അല്ലെങ്കിൽ ദൈവത്താൽ ജനിച്ചവരിൽ ആദ്യനാകുവാനോ കഴിയുകയില്ല. അവൻ നിത്യനാണ് (മീഖാ 5:2), അവന് ആരംഭമോ അവസാനമോ ഇല്ല (എബ്രാ. 7:3). അവൻ ആദ്യജാതൻ എന്നു പറയുന്നത്, അവന്റെ ഉയർന്ന ആദരണീയ സ്ഥാനത്തെയാണ് കാണിക്കുന്നത്, അല്ലാതെ സൃഷ്ടിയുടെ ക്രമത്താലോ അല്ലെങ്കിൽ സമയ ക്രമത്താലോ അല്ല.

യേശു "ആരംഭമാണ്" എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത് (കൊലൊ. 1:18). ഈ പ്രസ്താവനയും, യോഹന്നാന്റെ പ്രസ്താവനയായ "ദൈവസൃഷ്ടിയുടെ ആരംഭവും" (വെളി. 3:14) യഹോവാസാക്ഷിക്കാർ ദുർവ്യാഖ്യാനം ചെയ്തിരിക്കുകയാണ്. വെളിപ്പാട് 3:14 ലെ "ആരംഭത്തെ" കുറിച്ച് എൻഏഎസ്ബിയുടെ കുറിപ്പിൽ പറഞ്ഞിരിക്കുന്നത് ശരിയായിട്ടാണ്, "അതായത്, ആരംഭം അല്ലെങ്കിൽ ഉറവിടം." പുതിയനിയമത്തിൽ മറ്റു

ഭാഗങ്ങളിൽ, ഈ അർത്ഥത്തിലാണ് "ആരംഭം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. "ആരംഭം" (*ആർച്ചേ*) എന്നു പറയുന്നത് എന്തെങ്കിലും തുടങ്ങുന്ന സമയം, അല്ലെങ്കിൽ സ്ഥാനം എന്നാണ് (മത്താ. 24:8, 21). ആദ്യ കാരണം, കാരണത്തിന്റെ ആരംഭ ഉറവിടം എന്ന അർത്ഥത്തിലും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. വെളിപ്പാട് പുസ്തകത്തിൽ, യേശുവിനെ കുറിച്ചു പറയുമ്പോഴെല്ലാം ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു (21:6; 22:13). "അവൻ ആദ്യനും അന്ത്യനും" ആകുന്നു, എല്ലാം ആരംഭിക്കുവാൻ അവൻ കാരണഭൂതനായി, സകലവും അവസാനിപ്പിക്കുന്നതും അവനാണ്.

വെളിപ്പാട് പുസ്തകത്തിലെ "ആരംഭം" എന്നു പറയുന്നത് "ഉറവിടം" ആയി കണക്കാക്കുവാൻ കഴിയുന്നില്ലെങ്കിൽ, "അവസാനം" എന്നതും "ഉറവിടം" ആയി വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല. ആ വ്യാഖ്യാനം അനുസരിച്ച് യേശുവിന് ആരംഭവും അവസാനവുമുണ്ട് എന്നതാണ്. അത് സത്യമല്ല. അർത്ഥം എന്തെന്നാൽ, യേശു ആരംഭത്തിന്റെയും "അവസാനത്തിന്റേയും" ഉറവിടം ആണ് എന്നതാണ്. അവൻ സകല സൃഷ്ടികളുടേയും "ആരംഭമാണ്", സകലവും സൃഷ്ടിച്ചതിന് അവൻ കാരണഭൂതനായിരുന്നു.

"ആപേക്ഷികതാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായി" ആൽബർട്ട് എയിൻസ്റ്റീനെ പറയാവുന്നതാണ്. അതിനർത്ഥം എയിൻസ്റ്റിന്റെ ആരംഭത്തോടുകൂടി ആപേകഷികതാ സിദ്ധാന്തം ആരംഭിച്ചു എന്നല്ല. മറിച്ച്, അത് അർത്ഥമാക്കുന്നത് ആ സിദ്ധാന്തം ആരംഭിച്ചത് എയിൻസ്റ്റീൻ ആണ് എന്നത്രെ. യേശുവിനെ സംബന്ധിച്ചും അതാണ് സത്യം: സൃഷ്ടിയുടെ കാരണവും, ആരംഭവും അവനാണ്, അവൻ മുഖാന്തരമാണ് സകലവും ഉളവായത്.

യോഹന്നാൻ 1:14-ൽ യേശുവിനെ "ഏകജാതൻ" (*മോണോജെനസ്*), *മോണോ*, അർത്ഥം "ഒന്ന്" എന്നും *ജെനോസ്*, തർജ്ജിമ ചെയ്തിരിക്കുന്നത് പിൻഗാമി, സ്വഭാവ വിശേഷത, അല്ലെങ്കിൽ "തരം" എന്നുമാണ്.[8] ഏകജാതൻ എന്ന വാക്കിലെ ആരംഭം എന്ന ആശയം ജന്മസിദ്ധം എന്ന് അർത്ഥം വരുന്നില്ല. "അതിൽ തന്നെയുള്ള, ഒരു തരത്തിലുള്ള, പ്രത്യേക സ്വഭാവമുള്ള" എന്നാണ് അതിന്റെ അർത്ഥം. ഒരു മകൻ മാത്രമുള്ളതിന് ഉപയോഗിക്കുന്ന വാക്കാണ് *മോണോജെനസ്* (ലൂക്കൊ. 7:12; 9:38), യായിറോസിന്റെ മകൾക്കും (ലൂക്കൊ. 8:42), യിസഹാക്കിനും (എബ്രാ. 11:17) ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു. അബ്രഹാമിന്നു യിസഹാക്കിനു പുറമെ ഹാഗാറിൽ യിസ്മായേൽ അടക്കം വേറെയും മക്കളുണ്ടായിരുന്നു (ഉല്. 16:15), കെതൂറയിൽ വേറെ ആറുപേരും ഉണ്ടായി (ഉല്. 25:1, 2). അപ്പോഴും യിസഹാക്ക് അബ്രഹാമിന്നു ഏകജാതനായിരുന്നു പ്രത്യേകതയുള്ള മകൻ, അത്തരത്തിൽ ഒരേ ഒരു മകൻ മാത്രം.

ആരംഭം എന്ന നിലയിലല്ല യേശുവിനെ ജനിപ്പിച്ചത്. അവൻ തന്റെ പിതാവുമായി പ്രത്യേക ബന്ധത്തിലും സ്വഭാവത്തിലും, അത്തരത്തിൽ ഒരാൾ മാത്രമാണുള്ളത്. *മോണോജെനസ്* എന്ന വാക്ക്, യേശുവിനെ സംബന്ധിച്ച്, "ഏകജാതൻ" എന്നു പുതിയ നിയമത്തിൽ അഞ്ചു പ്രാവശ്യമാണ് തർജ്ജിമ ചെയ്തിരിക്കുന്നത് (യോഹ. 1:14, 18; 3:16, 18; 1 യോഹ. 4:9). യേശുവിന്റെ ആരംഭത്തെ കാണിക്കുന്നതല്ല ആ പ്രയോഗം.

ആ വീക്ഷണത്തെ പിന്തുണക്കുന്നതാണ് താഴെ കൊടുത്തിരിക്കുന്ന വിവരണം:

(1) നിലവാരമുള്ള ലെക്സിക്കൻസ് എല്ലാം ഈ അർത്ഥത്തെ പി

ന്താങ്ങുന്നു (ഉദാ., എംഎം, പി.പി. 416.; ബാവർ, റെവ., പി. 527). (2) യൂനിക്കസ് എന്നതിനു പകരം, പുരാതന ലാറ്റിൻ എംഎസ്എസ് പറയുന്നത് *മോണോജെനസ്* ബൈ ദ ലാറ്റ്. *യുനിക്കസ്* ("മാത്രം") എന്നാണ്. വൾഗേറ്റ് ജെരോമിൽ *യൂനിക്കസ്* മാറ്റി *യൂനിജെനെറ്റസ്* എന്നാക്കി, അതായത്, "യേശുവിനെ ഉണ്ടാക്കിയതല്ല, യേശു ജനിച്ചതാണ്" എന്ന ഉപദേശത്തെയാണ് ഉറപ്പിക്കുന്നത്. (കാരണം വേദശാസ്ത്രപരമായി യേശുവിനെ സൃഷ്ടിച്ചതല്ല, അവൻ ജനിച്ചതാണെന്ന് താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ തെളിയിക്കുന്നു [ലൂക്കൊ. 7:12; 8:42; 9:38] അദ്ദേഹം ഗ്രീക്ക് വാക്ക് *മോണോജെനസ്* തർജിമ ചെയ്തിരിക്കുന്നത് *യൂനിക്കസ്* എന്നാണ്.) വൾഗേറ്റ് പ്രബലമായ സ്വാധീനമാണ് ഏവിയിലും തുടർന്നുള്ള ഇംഗ്ലീഷ് തർജിമകളിലും. (3) എബ്രായ ഭാഷയിൽ LXX *മോണോജെനസ്* ഉപയോഗിച്ചിരിക്കുന്നത് *യാഹിഡ്* എന്നും പുതിയ നിയമത്തിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് ലൂക്കൊ. 7:12; 8:42; 9:38; എബ്രാ. 11:17 "മാത്രം" എന്ന അർത്ഥമാണ് വ്യക്തമാക്കുന്നത്. (4) ഫൊയനിക്സ് ബേർഡിലെ 1 ക്ലെമ. 25:2 പറയുന്നത് (ജനിച്ചതായിട്ടോ സൃഷ്ടിച്ചതായിട്ടോ അല്ല) കാരണം *മോണോജെനസ്* അർത്ഥമാക്കുന്നത് "അതിന്റെ ഒരു തരം മാത്രം" എന്നാണ്. (5) യോഹന്നാൻ യേശുവിന് *ഹൂയിയോസ്* ഉപയോഗിച്ച് *മോണോജെനസ്* അവന്റെ പ്രത്യേകത കാണിക്കുകയാണ്; വിശ്വാസികളെ അവൻ *ടെക്നാ*, "മക്കൾ" എന്നാണ് വിളിച്ചത്.[9]

സൃഷ്ടിക്കപ്പെട്ടതിന്റെയെല്ലാം ഉറവിടം യേശുവാണ്. സകലത്തെയും സൃഷ്ടിച്ചതിനാൽ, അവൻ സൃഷ്ടികൾക്കെല്ലാം മുകളിലാണ്. അവൻ ദൈവത്തിനു പ്രത്യേകതയുള്ള ഏക ജാതനാണ്.

## സകലത്തിന്റേയും സൃഷ്ടികർത്താവ്
## (1:16)

**[16]ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ, വാഴ്ച്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.**

യേശു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സകല സൃഷ്ടികളുടേയും ആദ്യജാതൻ എന്നു പറഞ്ഞശേഷം (വാ. 15), യേശുവാണ് സകലവും സൃഷ്ടിച്ചത് എന്ന വലിയ സത്യത്തിലേക്കാണ് പൗലൊസ് തിരിഞ്ഞത്. സൃഷ്ടികളുമായി യേശുവിനുള്ള ബന്ധം മനസിലാക്കുവാൻ വാക്യം 16 ലേയും 17 ലേയും മുഖ്യ പ്രയോഗങ്ങൾ ഒരാൾ മനസിലാക്കണം.

### "അവൻ മുഖാന്തരമാണ് സകലവും സൃഷ്ടിക്കപ്പെട്ടത്" (1:16)

**ആകയാൽ** (*ഹോടി*) എന്ന വാക്കോടുകൂടിയാണ് ഈ വാക്യം ആരംഭിക്കുന്നത്, അത് ഒരു വിശദീകരണ അടയാളമാണ്. അത് വാക്യം 15 നേയും 16 നേയും ബന്ധിപ്പിച്ച് ചർച്ച ചെയ്തതായ യേശുവിന്റെ മുൻഗണനയും കർത്തൃത്വവും ഉറപ്പിക്കുന്നതാണ് താഴെ പറയുന്ന പ്രസ്താവനകൾ.

**സൃഷ്ടിച്ചു** (*എക്റ്റിസ്തേ*, വരുന്നത് മൂല വാക്ക് *ക്ടിസോ*യിൽ നിന്നാണ്) അർത്ഥം, "ഒന്നുമില്ലാത്ത അവസ്ഥയിൽനിന്നു നിലവിലുള്ളതായി കൊണ്ടുവന്നു എന്നാണ്" യേശു "ആദ്യജാതൻ" ആണ്-അതായത്, സകലത്തിലും മുകളിലുള്ളവൻ- "കാരണം" അല്ലെങ്കിൽ അവൻ നിമിത്തം എല്ലാം സൃഷ്ടിക്കപ്പെട്ടു "വീടിനേക്കാൾ മാന്യത വീട് നിർമ്മിച്ചവനാണ്" (എബ്രാ. 3:3). അവൻ "സകലവും" സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിലുള്ളതാണ് അവന്റെ സ്ഥാനവും ആദരവും, അതിൽ "ആകാശവും ഭൂമിയും" (ഉല. 1:1) സർവ്വ പ്രപഞ്ചവും ഉൾപ്പെടുന്നു.

**ആൽ** എന്ന പ്രിപൊസിഷൻ തർജിമ ചെയ്തിരിക്കുന്നത് *എൻ* എന്ന ഗ്രീക്ക് വാക്കാണ്. *എൻ* എന്നത് "ഇൽ" എന്ന അടിസ്ഥാന അർത്ഥം നിലനിർത്തണം എന്നാണ് ചിലർ വിചാരിക്കുന്നത്; "ദ പ്രിപൊസിഷൻ 'ഇൽ' ക്രിസ്തുവിന്റെ സൃഷ്ടി നടക്കുന്ന 'മണ്ഡലത്തെയാണ്' സൂചിപ്പിക്കുന്നതെന്നു തോന്നുന്നു."[10]

പുതിയ നിയമത്തിൽ അതുമായി ബന്ധപ്പെട്ട വേദഭാഗങ്ങളിൽ, യേശു ഉൾപ്പെട്ടതായ സൃഷ്ടിത്വം ഗ്രീക്കിൽ *ഡയാ* എന്നാണ് പറഞ്ഞിരിക്കുന്നത്, അതിന്റെ അർത്ഥം "മുഖാന്തരം" എന്നാണ് (യോഹ. 1:3, 10; 1 കൊ. 8:6; എബ്രാ. 1:2). സൃഷ്ടിക്കപ്പെട്ടതെല്ലാം യേശു "മുഖാന്തരമാണ്" സൃഷ്ടിച്ചത്. അവൻ സൃഷ്ടിയുടെ കാരണമായ ഒരു ഏജന്റും മാദ്ധ്യമവും ആണ്.

സൃഷ്ടിത്വത്തിൽ പിതാവും പുത്രനും ഉൾപ്പെട്ടിട്ടുണ്ട്. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു പറയുകയും, യേശു "സകലവും സൃഷ്ടിച്ചു" എന്നു പറയുകയും ചെയ്യുമ്പോൾ, യേശു ദൈവമാണ്, പക്ഷെ അവൻ പുത്രനായതുകൊണ്ട് പിതാവല്ല; പുത്രനായതിനാൽ അവൻ സൃഷ്ടിത്വ നടപടിയിൽ സഹകരിക്കുകയായിരുന്നു.

ജീവന്റെ എല്ലാ രൂപവും പ്രപഞ്ചത്തിന്റെ നിലനിൽപും അവതരിപ്പിക്കുവാൻ മൂന്നു പ്രിപൊസിഷനുകൾ നൽകിയിരിക്കുന്നു: (1) അവയെ സൃഷ്ടിച്ചു അല്ലെങ്കിൽ സൃഷ്ടിച്ചില്ല. (2) അവയെ രൂപപ്പെടുത്തി അല്ലെങ്കിൽ രൂപപ്പെടുത്തിയില്ല. (3) ബുദ്ധി-കൂടാതെ അല്ലെങ്കിൽ ബുദ്ധിയോടുകൂടെ സകലവും നിലവിൽ കൊണ്ടുവന്നു.

പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതല്ലെങ്കിൽ, വസ്തു നിത്യമാണ്. വസ്തു നിത്യമല്ല എന്നാണ് ശാസ്ത്രകാരന്മാർ തീർച്ചപ്പെടുത്തിയിരിക്കുന്നത്, അപ്പോൾ അത് സൃഷ്ടിക്കപ്പെട്ടതാണ്. മാറ്റുവാൻ പറ്റാത്ത ഹൈഡ്രജനാണ് പ്രപഞ്ചത്തിലെ നക്ഷത്രങ്ങളിലുള്ളത് ഫലശൂന്യമാക്കി. ഉപയോഗിക്കുന്ന ഊർജം എന്നേക്കും നിലനിൽക്കുകയോ, എന്നേക്കും ഉപയോഗിക്കുവാൻ സാധിക്കുകയോ ഇല്ല. എപ്പോഴെങ്കിലും ഒരു സമയത്ത് ആ ഊർജം നിന്നു പോകും കാരണം അതിനു ഒരു ആരംഭമുണ്ടായിരുന്നു.

പ്രപഞ്ചത്തിന് ഒരു ആരംഭമുണ്ടായിരുന്നുവെങ്കിൽ, അത് ഒന്നുകിൽ രൂപപ്പെടുത്തിയത്, അല്ലെങ്കിൽ രൂപപ്പെടുത്തിയിട്ടില്ല. പ്രപഞ്ചത്തിന്റെ പല വശങ്ങളും-ഉദാഹരണമായി ആകാശ സൈന്യങ്ങൾ, ഭൂമിയിലെ ജീവിക്കുന്ന പരിസ്ഥിതി വിജ്ഞാനം, അവയവ നിർമ്മാണ ഘടന എന്നിവക്ക് എല്ലാം-രൂപം ഉണ്ട്-ഒരു രൂപം ഉണ്ടെങ്കിൽ, അത് ഉണ്ടാക്കിയ ശക്തിക്ക് രൂപപ്പെടുത്തുവാനുള്ള കഴിവുണ്ട് എന്നു സമ്മതിക്കണം.

പ്രപഞ്ചത്തിലെ രൂപം ഒന്നുകിൽ ബുദ്ധിയാൽ കൊണ്ടുവന്നു, അല്ലെങ്കിൽ ബുദ്ധിയില്ലായ്മയിൽ. പ്രത്യൽപാദിപ്പിക്കുന്ന വിധത്തിൽ സത്രീയെയും പു

രുഷനെയും വ്യത്യസ്തമായി എങ്ങനെ മെനയുന്നു? ദശലക്ഷക്കണക്കിനു വർഷങ്ങൾ കഴിഞ്ഞിട്ടും പരിണാമ സിദ്ധാന്തത്തിനു ഉത്തരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ഓരോ ഇനത്തിലുള്ള ജാതിയും ഒരു തലമുറയിൽ തന്നെ പ്ര ത്യുൽപാദനം നടത്തിയില്ലെങ്കിൽ, അതിനു വംശനാശം നേരിടും. ബുദ്ധിയുള്ള രൂപത്തെയാണ് പ്രപഞ്ചത്തിലെ പല സ്വഭാവവിശേഷതകളും തെളിയിക്കുന്നത്, വസ്തുവിന് പ്രത്യുൽപാദനം നടത്തുവാൻ സാധ്യമല്ല. ബുദ്ധിയുടെ സഹാ യമില്ലെങ്കിൽ, വസ്തു ക്രമമായിരിക്കുന്നതിനു പകരം ക്രമവിരുദ്ധമായിരിക്കും. ബുദ്ധി-യില്ലായ്മക്ക് രൂപപ്പെടുത്തുവാനുള്ള കഴിവില്ലാത്തതിനാൽ, ബുദ്ധി യോടെ രൂപപ്പെടുത്തുവാൻ കഴിവുള്ള ദൈവമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത് എന്നു നമുക്ക് തീർച്ചപ്പെടുത്താം.

പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണെന്ന് തെളിയിക്കുന്ന അടിസ്ഥാന വാദ ങ്ങൾ ബൈബിളിൽ ഉണ്ട്:

> ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു (സങ്കീ. 19:1).

> അവന്റെ നിത്യശക്തിയും ദിവിത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്ക് പ്രതിവാദം ഇല്ലാതിരിക്കേണ്ടതിന്നു തന്നെ (റോമ. 1:20).

> ഏതു ഭവനവും ചമെപ്പാൻ ഒരാൾ വേണം; സർവ്വവും ചമെച്ചവൻ ദൈവം തന്നെ (എബ്രാ. 3:4).

ബുദ്ധിയുള്ള ഒരാൾ സൃഷ്ടിച്ചതാണ് ഈ പ്രപഞ്ചം എന്നതു നിഷേധി ക്കുവാൻ ഒരാൾ, വസ്തു നിത്യമാണെന്നു *വിശ്വസിക്കണം*, കൂടാതെ ജീവി തത്തിലെ വിവിധ രൂപങ്ങൾ നൽകുവാൻ ഒരാൾക്ക് കഴിവുണ്ടെന്നും, പ്രപ ഞ്ചത്തിനു ഒരു ക്രമം നിലനിർത്തുവാനുള്ള കഴിവ് അയാൾക്കുണ്ടെന്നും അയാൾ കരുതണം. അങ്ങനെ വരുമ്പോൾ അയാൾ ശാസ്ത്രീയ തത്വങ്ങളെ നിഷേധിക്കണം. നിസാരമായ ഉദാഹരണങ്ങൾ എന്തെന്നാൽ, ജീവനുള്ള വക്കു മാത്രമെ ജീവനുള്ളവയെ ഉൽപാദിപ്പിക്കുവാൻ കഴിയുകയുള്ളു. ഇല്ലാ താകുന്ന ഊർജത്തിനു ഒരു ഉറവിടം വേണം, ബുദ്ധിയിൽനിന്നാണ് ബുദ്ധി പുറപ്പെടുന്നത്, രൂപമുണ്ടെങ്കിൽ, അത് ഉണ്ടാക്കിയ വ്യക്തി വേണം. സർവ്വ-ശക്തിയുള്ള, സർവ്വ-ജ്ഞാനിയായ ദൈവത്തിന്റെ ക്രിയാത്മകബുദ്ധിയാലാണ് അവിശ്വാസികൾ എന്ന് അറിയ-പ്പെടുന്നവർ വിശ്വസിക്കേണ്ടത്.

രണ്ടാം-നൂറ്റാണ്ടിൽ വളർന്നു വന്ന നോസ്റ്റിക്സുകാർ ക്രിസ്ത്യാനിത്വ ത്തിലെ അടിസ്ഥാനപരമായ കാര്യങ്ങളെ തള്ളിക്കളഞ്ഞു. അവരുടെ ശിഷ്യ ന്മാർ പഠിപ്പിച്ചിരുന്നത്, ദൈവം ആത്മാവും വെളിച്ചവുമാകയാൽ, അവന് പാ പത്തിന്റെ ഇരുട്ടിലോ, വസ്തുവിലോ വസിക്കുവാൻ സാധ്യമല്ല. അവന് ഭൗതിക ശരീരം സ്വീകരിക്കുക അസംഭവ്യമാണ്, അവരുടെ വിചാരത്തിൽ, അവൻ വസ്തുക്കളെ നിർമ്മിക്കുന്നതും സംഭവിക്കുവാനിടയില്ലാത്തതാണ്. ദൈവം പാപത്തിൽനിന്നു വേർപെട്ടവനായതുകൊണ്ട്, അവന് ഒരിക്കലും പാപ ം നിറഞ്ഞ ലോകത്തെ ഉണ്ടാക്കുവാൻ കഴിയുകയില്ല എന്നാണ് അവർ വിചാ രിക്കുന്നത്. അതുകൊണ്ട്, അവർ വിശ്വസിക്കുന്നത്, വലിയ ദൈവം ചെറിയ

ദൈവത്തെ ഉണ്ടാക്കി, അവസാനം വസ്തു സൃഷ്ടിച്ചതാണ് സംഭവിച്ച കുഴപ്പം എന്നാണ്. പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കുറിച്ച് പിന്നീട് നോസ്റ്റിക്സുകാർ പഠിപ്പിച്ചത് പൗലൊസ് കൊലൊസ്യരെ പഠിപ്പിച്ചതിനു വിരുദ്ധമാണ്. അവൻ പറഞ്ഞത് ദൂതന്മാരായ ഏജന്റുമാർ മുഖാന്തരമല്ല, യേശുവിനാലാണ് സകലവും സൃഷ്ടിച്ചത് എന്നാണ്.

### "സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും" (1:16)

**സ്വർഗത്തിലേയും ഭൂമിയിലേയും** "സകലവും" യേശുവായിരുന്നു സൃഷ്ടിച്ചത്. "സ്വർഗം" (*ഔരാനോയിസ്*), എന്നതു ആകാശത്തെയും (പ്രവൃ. 14:17), അതായത് നക്ഷത്രങ്ങൾ നിറഞ്ഞതും (എഫെ. 4:10; എബ്രാ. 4:14; 7:26; 2 പത്രൊ. 3:7, 10), ദൈവത്തിന്റെ നിത്യമായ സ്വർഗീയ വാസസ്ഥാനവും (മത്താ. 6:9; എബ്രാ. 8:1). കൂടാതെ, ഭൂമിക്കപ്പുറമായ പ്രതലത്തിൽ ശുദ്ധവും അശുദ്ധവുമായ ആത്മാക്കളുടെ പ്രതലവും ഉൾപ്പെടുന്നു (എഫെ. 1:10). ആ പ്രതലങ്ങളിൽ വസിക്കുന്ന *എല്ലാറ്റി*നേയും ഉൾപ്പെടുത്തിയായിരിക്കാം പൗലൊസ് "ഇൽ" എന്നും "മേൽ" എന്നും ഉപയോഗിച്ചത്. അങ്ങനെയെങ്കിൽ, ഭൂമിയിൽ വസിക്കുന്നവരും അതിനപ്പുറമുള്ള പ്രതലങ്ങളിലുള്ളവരും-ദൂതന്മാരും, സാത്താനും അവന്റെ ദുതന്മാരും ഉൾപ്പെടും.

ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിനു മുൻപ് യാതൊരു തിന്മയുമില്ലായിരുന്നു. ഭൗതികമായി യാതൊന്നുമില്ലായിരുന്നു. ദൈവത്തിന്റെ ആത്മിയ പ്രതലം മാത്രമെ ഉണ്ടായിരുന്നുള്ളു. യേശു വീണ്ടും വരുമ്പോൾ, സകലവും ആരംഭത്തിലെ അവസ്ഥയിലേതുപോലെ ആക്കും (പ്രവൃ. 3:20, 21); പിന്നെ ഭൗതികമായ യാതൊന്നും ഉണ്ടായിരിക്കുകയില്ല. നിത്യവും അദൃശ്യവുമായവ മാത്രമെ പിന്നെ ഉണ്ടായിരിക്കുകയുള്ളു (2 കൊ. 4:18). സൃഷ്ടികർത്താവ് എന്ന നിലയിൽ യേശു സകല സൃ-ഷ്ടികളുടേയും മുകളിലാണ്-ഭൂവാസികളും, ദുഷ്ടാത്മസേനകളും, ദൂതസംഘവുമടക്കം (1 പത്രൊ. 3:22). സ്വർഗത്തിലും ഭൂമിയിലും ഉള്ള യേശുവിന്റെ അധികാരത്തിനുള്ള ഏക ഒഴികഴിവ് പിതാവു മാത്രമാണ്, പിതാവാണ് സകലവും അവന്റെ കാൽക്കീഴാക്കിയത് (1 കൊ. 15:27).

### ''ദൃശ്യവും അദൃശ്യവും" (1:16)

എല്ലാ സൃഷ്ടികളേയും നോക്കുമ്പോൾ, നമ്മുടെ കണ്ണുകൾക്ക് **ദൃശ്യമാകുന്ന**തിനേക്കാൾ കൂടുതൽ **അദൃശ്യമായവ**യാണ്. ഭൗതികമായവയെല്ലാം നിർമ്മിച്ചിരിക്കുന്നത് അദൃശ്യമായ കണികകളാലാണ്. "ഈ കാണുന്ന ലോകത്തിന്നു ദൃശ്യമായതല്ല കാരണം എന്നു വരുമാറ്" എന്നു പറഞ്ഞിരിക്കുന്നത് ബൈബിൾ ശാസ്ത്രീയപരമായും ശരിയാണെന്ന് തെളിയുന്നു (എബ്രാ. 11:3). ഒന്നുമില്ലായ്മയിൽനിന്നാണ് ദൈവം സൃഷ്ടിത്വം നടത്തിയത് എന്നാണ് ഇതു വ്യക്തമാക്കുന്നത്.

പൗലൊസ് പറയുന്നത് സ്വർഗത്തിൽ ഉള്ളതും ഭൂമിയിൽ ഉള്ളതുമാണെങ്കിൽ, അപ്പോൾ ഭൂവാസികളും, ഭൂഗോളത്തിനു പുറത്തുള്ള ആത്മാക്കളും, ദൈവത്തിന്റെ ദൂതന്മാരും പിശാചും അതിൽ ഉൾപ്പെടും. നമ്മുടെ കണ്ണുകൾ നിത്യമായവയിൽ, അദൃശ്യമായവയിൽ, സ്വർഗീയമായവയിൽ ആയിരിക്കണം (2 കൊ. 4:18; കൊലൊ. 3:1).

മനുഷ്യരിൽനിന്നു മറെഞ്ഞിരിക്കുന്നതായാലും, തിരിച്ചറിയാമെങ്കിലും

ഇല്ലെങ്കിലും, സകല സൃഷ്ടികളുടേയും മുകളിലാണ് സൃഷ്ടികർത്താവായ യേശു. അക്കാരണത്താൽ, ഭൗതികമായതിനെ ഒന്നിനേയും ആരാധിക്കേണ്ട ആവശ്യമില്ല, കാണാത്ത ദൂതന്മാരെയോ, മറ്റു ആത്മാക്കളേയോ നാം നമസ്കരിക്കേണ്ടതില്ല. യേശു ആരാണ് എന്നതിനാൽ, നാം അവന്നു കീഴ്പ്പെട്ട്, അവനെ ആദരിക്കുകയും, അനുസരിക്കുകയും നമസ്ക്കരിക്കുകയും ചെയ്യും (എഫെ. 1:20–23; എബ്രാ. 1:6; 5:9).

### "സിംഹാസനങ്ങളാകട്ടെ, കർത്തൃത്വങ്ങളാകട്ടെ വാഴ്ച്ചകളാകട്ടെ അധികാരങ്ങളാകട്ടെ" (1:16)

യേശു സൃഷ്ടിച്ചവയെ കുറിച്ചുള്ള ഒരു ലിസ്റ്റ് നൽകിയ ശേഷം പൗലൊസ് **കർത്തൃത്വം വാഴ്ച്ചകൾ അധികാരങ്ങൾ** എന്നിവയെകുറിച്ചും പറഞ്ഞിരിക്കുന്നു. ഇവിടെ "കൃത്യമായ വ്യത്യാസം കൂടാതെ ഗ്രീക്കിൽ നാല് വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്"; താരതമ്യം ചെയ്യാവുന്ന ലിസ്റ്റുകൾ നോക്കുക, റോമ. 8:38; 1 കൊ. 15:24; എഫെ. 1:21; 3:10; 6:12; കൊലൊ. 2:10, 15; 1 പത്രൊ. 3:22."[11] ഡേവിഡ് എം. ഹേ താഴെ കൊടുത്തിരിക്കുന്ന നിരീക്ഷണം നടത്തി:

> മറ്റു പുതിയ നിയമ വേദഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന അമാനുഷമായ ശക്തി എന്ന അർത്ഥത്തിലല്ല 1:16 ലെ "സിംഹാസനങ്ങൾ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. കർത്തൃത്വങ്ങൾ എന്നത് ഈ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത് എഫെ. 1:21 ലാണ്. ആ വാക്ക് അമാനുഷമായ "ഭരണം" എന്ന അർത്ഥത്തിൽ 2:10 ലും 15 ലും, റോമ. 8:38 ലും; 1 കൊ. 15:24; എഫെ. 1:21; 3:10 ലും; 6:12 ലും കാണാം. ആ വാക്ക് "ഭരണം" എന്നതിനോട് ചേർന്ന് "ശക്തി" എന്നു കാണിക്കുവാനും ആണ് റോമ. 8:38 ഒഴിച്ച് മറ്റെല്ലാ വേദഭാഗങ്ങളിലും പറയുന്നത്. മുദ്രാഫലക പദപ്രയോഗമാണ് വ്യക്തമായും നാം കൈകാര്യം ചെയ്യുന്നത്.[12]

ആ നാല് വാക്കുകളും ഉൾപ്പെടുത്തി പൗലൊസ് ഉറപ്പിച്ചു പറയുന്നത് എന്തെന്നാൽ നിലവിലുള്ള സകല അധികാരവും യേശുവിന്റെ കീഴിലാണെന്നും, ഓരോന്നും യേശുവിനെ ആശ്രയിച്ചാണിരിക്കുന്നത് എന്നാണ്. പ്രപഞ്ചത്തിലെ ഏറ്റവും വലിയ വ്യക്തിമേലും പ്രസ്ഥാനത്തിന്മേലും അധിപതിയാണ് യേശു. ഭൂമിയിലെ സകല അധികാരവും അവന്റെ കീഴിലാണ്, അതുപോലെ തന്നെയാണ് സ്വർഗിയ സൈന്യത്തിൽ ഉൾപ്പെട്ട ദൂതന്മാരും സാത്താന്റെ അധികാരവും (1 പത്രൊ. 3:22; എബ്രാ. 2:14; 1 യോഹ. 4:4). അവനെ മാത്രമെ നമസ്ക്കരിക്കാവു, അല്ലാതെ അന്യദേവന്മാരെയോ, ദൂതന്മാരെയോ നമസ്ക്കരിക്കരുത് എന്ന് കൊലൊസ്യരെ മുന്നറിയിച്ചിരുന്നു (കൊലൊ. 2:18).

### "സകലവും അവൻ മുഖാന്തരവും അവന്നായും സൃഷ്ടിച്ചു" (1:16)

ആകാശത്തെയും ഭൂമിയേയും യേശു സൃഷ്ടിച്ചു എന്നു മാത്രമല്ല, അവ എല്ലാം അവന്നാ*യിട്ടാണ്* സൃഷ്ടിച്ചത്. ഭൗതിക പ്രപഞ്ചത്തിന്റെ ഉറവിടവും കാരണവും അവൻ തന്നെയാണ്.

**സൃഷ്ടിക്കപ്പെട്ടിരിക്കുന്നു** എന്നതിന്റെ ഗ്രീക്ക് ക്രിയ *എക്ടിക്സ്റ്റായി*, എന്നു പറയുന്നത്, അത് അതേ രീതിയിൽ അവൻ മുഖാന്തരവും അവന്നായും തുടരണം എന്നാണ്. "വാക്യത്തിന്റെ അവസാനം ഉപയോഗിച്ചിരിക്കുന്ന ...

കാലം പൂർണ്ണമായും സൃഷ്ടിപ്രവർത്തിയുടെ സഹിഷ്ണുതാ ഫലത്തെയാണ് കാണിക്കുന്നത്."[13] സകല സൃഷ്ടിയും നിലനിൽക്കുന്നത് അവന്റെ തേജസിനും മാനത്തിനുമാണ്. അതായിരുന്നു പിതാവിന്റെ ഉദ്ദേശം: അവന്റെ സൃഷ്ടി മുഖാന്തരം ഭൂമിയിലുള്ളവരും സ്വർഗത്തിലുള്ളവരും യേശുവിനെ ഉയർത്തണം.

അവന്നു **വേണ്ടി** എന്ന പ്രയോഗത്തിൽ, "ഫോർ" എന്ന പ്രിപ്പോസിഷൻ (*എയിസ്*, എന്നതിന്റെ പ്രാഥമികമായ അർത്ഥം "ലേക്ക്" എന്നാണ്) ഇവിടെ പ്രകടമാക്കുന്നത് "ഉദ്ദേശം അല്ലെങ്കിൽ ലക്ഷ്യം" ആണ്.[14] *എയിസ്* എന്ന വാക്കിന്റെ അതേ അർത്ഥം പ്രവൃത്തികൾ 2:38 ലും കാണാം. പാപ മോചനത്തിനു "വേണ്ടി" *എയിസ്* യെഹൂദന്മാർ മാനസാന്തരപ്പെടുകയും സ്നാനപ്പെടുകയും ചെയ്യണം എന്നാണ് പത്രൊസ് പറഞ്ഞത്. പാപമോചനത്തിനു വേണ്ടി തന്റെ രക്തം ചിന്തുവാനിരിക്കുന്നു എന്നു യേശു പറഞ്ഞപ്പോൾ, *എയിസ്* എന്ന വാക്ക് ഉപയോഗിച്ചു (മത്താ. 26:28). യേശു രക്തം ചിന്തിയതിന്റെ ഉദ്ദേശവും ലക്ഷ്യവും മാനസാന്തരപ്പെട്ട് സ്നാനമേൽക്കുന്നവർക്ക് പാപമോചനം നൽകുക എന്നതാണ്, അത് യേശു സൃഷ്ടിയുടെ കാരണവും ഉദ്ദേശവും ആയിരിക്കുന്നതുപോലെയാണ്. പ്രപഞ്ചത്തിന്റെ കേന്ദ്രം ക്രിസ്തുവാണ്.

പ്രപഞ്ചം യേശുവിനുവേണ്ടിയാണ് നിലനിൽക്കുന്നത്; ആർക്കുവേണ്ടിയാണോ സൃഷ്ടിച്ചത് അത് അവൻ തന്നെയാണ്. അതുപോലെ പൗലൊസ് എഴുതി, "സകലവും അവനിൽനിന്നും അവനാലും, [*എയിസ്*] അവങ്കലേക്കും ആകുന്നു" (റോമ. 11:36), പിന്നെ "... പിതാവായ ഏകദൈവമേ നമുക്ക് ഉള്ളു; അവൻ സകലത്തിന്നും കാരണഭൂതനും നാം അവന്നായി [*എയിസ്*] ജീവിക്കേണ്ടതുമാകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്ക് ഉണ്ട്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു" (1 കൊ. 8:6). പിതാവിനും പുത്രനും വേണ്ടിയാണ് നാം ജീവിക്കുന്നത് എന്നു പറയുന്നതിൽ വൈരുദ്ധ്യമില്ല. നീതിമാന്മാരുടെ ആത്മിയ പ്രകൃതി സാധ്യമാക്കിയതു പുത്രനാണ്, അവന്റെ മഹത്വത്തിനാണ്, അത് പിതാവിന്നു നമ്മെ അവൻ ഭരമേൽപിക്കേണ്ടതിനുമാണ്. ഇപ്പോൾ, പുത്രനുള്ളവർ അവന്റെ രാജ്യത്തിലാണ്, അവസാനം അവർ "പിതാവിന്റെ രാജ്യത്തിൽ സൂര്യനെ പോലെ പ്രകാശിക്കും" (മത്താ. 13:43), അന്ന് അവൻ രാജ്യം പിതാവിന്നു ഏൽപിച്ചുകൊടുക്കും (1 കൊ. 15:24).

## അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു (1:17)

**17അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു.**

### ''അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ" (1:17)

അവൻ **സർവ്വത്തിന്നും മുമ്പെയുള്ളവൻ** എന്നു പറയുമ്പോൾ, സൃഷ്ടിക്കപ്പെട്ട യാതൊന്നിന്റേയും ഭാഗമല്ല അവൻ എന്നു തെളിയുന്നു. "മുമ്പെ" (*പ്രോ*) സമയത്തിലും പദവിയിലും ഉള്ള മുൻഗണനയാണ് സൂചിപ്പിക്കുന്നത്. പദവിയുമായുള്ള ബന്ധത്തിൽ ചുരുങ്ങിയത് രണ്ട് പ്രാവശ്യം ആ വാക്ക് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു. ("സർവ്വത്തിനും മീതെ"; യാക്കൊ. 5:12; 1 പത്രൊ. 4:8). ഒരുപക്ഷെ പൗലൊസിന്റെ മനസിൽ ആ രണ്ട്

ആശയങ്ങളും ഉണ്ടായിരുന്നേക്കാം. അവന്റെ വാദഗതികളെല്ലാം തന്നെ യേശു സർവ്വത്തിന്നും മീതെയും സർവ്വത്തിന്നും മുമ്പെയുള്ളവനും എന്നു തെളിയിക്കുന്നതായിരുന്നു.

യേശു "സർവ്വത്തിന്നും മുമ്പെയുള്ളവൻ" "ആകുന്നു" എന്നും "അവൻ സർവ്വത്തിന്നും മുമ്പെ ഉണ്ടായിരുന്നവനും" ആണെന്നുമത്രെ പൗലൊസ് തറപ്പിച്ചു പറഞ്ഞത്. "ആകുന്നു" എന്ന് ഉപയോഗിച്ച് യേശു തുടർച്ചയായി സർവ്വത്തിനും മുമ്പനായിരിക്കുന്നു എന്നാണ് പൗലൊസ് അന്തർലീനമാക്കിയത്. ജെ. ബി. ലൈറ്റ്ഫുട്ട് ശരിയായി നിരീക്ഷിച്ചത്, വർത്തമാനകാലത്തിൽ "ആകുന്നു" (*എസ്റ്റിൻ*), "എന്നു പറയുമ്പോൾ അവന്റെ മുൻനിലനിൽപ് തികഞ്ഞ അസ്തിത്വത്തെയാണ് കാണിക്കുന്നത്."[15] "ലോകം ഉണ്ടാകുന്നതിനു മുമ്പ്" താൻ പിതാവിനോടുകൂടെയായിരുന്നു എന്നു യേശു പറഞ്ഞപ്പോൾ, യേശു ആ സത്യമാണ് വെളിപ്പെടുത്തിയത് (യോഹ. 17:5).

"സകലവും" എന്നു പറയുന്നത് അർത്ഥമാക്കുന്നത് ഭൗതികവും ആത്മികവുമായ സ്വഭാവത്തിലുള്ള ജീവനുള്ളതും, ജീവൻ-ഇല്ലാത്തതും മനുഷ്യകണ്ണുകൾക്ക് ദൃശ്യവും അദൃശ്യവുമായതെല്ല ാം എന്നാണ്. യേശു സർവ്വത്തിനും മുമ്പെയുള്ളവൻ എന്നു പറയുന്നതിനാൽ, അവൻ നിത്യനും, എല്ലാറ്റിനും മീതെയുള്ളവനും എന്നാണ് സൂചിപ്പിക്കുന്നത്. സർവ്വവും ആരംഭിക്കുമ്പോൾ, അവനുണ്ടായിരുന്നു എന്നർത്ഥം (യോഹ. 1:1). അവന് ആരംഭം ഇല്ലാത്തതിനാലാണ്, അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ എന്ന് പറഞ്ഞിരിക്കുന്നത്.

**"അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു" (1:17)**

നിലവിലുള്ളതായി സർവ്വത്തെയും കൊണ്ടുവന്ന യേശുവാണ് സകലവും നിലനിർത്തുന്നത്. "അവൻ ... തന്റെ ശക്തിയുള്ള വചനത്താലാണ് സകലും വഹിക്കുന്നത്" (എബ്രാ. 1:3). **അവനിൽ എല്ലാം ഒന്നു ചേർന്നിരിക്കുന്നു.** "വചനത്താലാണ്" എല്ലാം ഉളവായത് (എബ്രാ. 11:3). സകലവും സൃഷ്ടിക്കപ്പെട്ട വചനം തന്നെയാണ് ഭൂമിയേയും ആകാശത്തേയും തീക്കായി സൂക്ഷിച്ചിരിക്കുന്നത് (2 പത്രൊ. 3:5-7). നിലനിൽക്കുന്നതും തുടരുന്നതുമായ ലോകത്തിന്റെ ആരംഭവും ആശ്രയവും യേശുവാണ്. അവന്റെ വചനം മുഖാന്തരമാണ് എല്ലാം സൃഷ്ടിക്കപ്പെട്ടതും തുടർച്ചയായി നിലനിൽക്കുന്നതും; സൃഷ്ടിക്കപ്പെട്ടതെല്ലാം അവൻ മുഖാന്തരമാണ് ഇല്ലാതാകുന്നതും. സകലത്തെയും വഹിക്കുന്നത് അവന്റെ ശക്തിയാണ്.

"ആധാരമായി ഇരിക്കുന്നത്" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്ന (*സുനിസ്തെമി*) അർത്ഥമാക്കുന്നത്, യേശു താൻ സൃഷ്ടിച്ചതെല്ലാം നിലനിർത്തുകമാത്രമല്ല, സകലത്തെയും അവൻ തുടർച്ചയായി വഹിക്കുകയും ചെയ്യുന്നു. അവൻ സകലത്തെയും വഹിക്കുന്നതുകൊണ്ട്, പ്രപഞ്ചം കുഴപ്പം കൂടാതെ പ്രവർത്തിക്കുന്നു. യേശുവിന്റെ ശക്തിയാൽ അതു യോജിപ്പിൽ തന്നെ തുടരുകയാണ്. സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തെ ഒന്നിച്ച് നിലനിർത്തുന്നത് യേശുവിന്റെ ഏകീഭവിച്ച ശക്തിയാണ്.

## സഭയുടെ തലയും പരമോന്നതനും (1:18, 19)

**18അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും**

**താൻ മുമ്പനാകേണ്ടതിന്നു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽനിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു. [19]അവനിൽ സർവ്വസമ്പൂർണ്ണതയും വഹിക്കുന്നു.**

ഈ സമയത്ത്, യേശുവിനു പ്രപഞ്ചത്തോടുള്ള ബന്ധത്തെ കുറിച്ചുള്ള ചർച്ചയിൽനിന്നു പൗലൊസ് തിരിയുന്നത് സഭയോടുള്ള അവന്റെ ബന്ധത്തിലേക്കാണ്. യേശു പ്രപഞ്ചത്തെ മാത്രമല്ല, സഭയെയും വാഴുകയാണ്.

**"അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു" (1:18)**

യേശു ദൈവത്തിന്റെ പ്രതിമയും, സകല സൃഷ്ടികളുടേയും ആദ്യജാതനും, പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവും ആയിരിക്കുന്നതിനു പുറമെ, **അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു.**

ഈ സന്ദർഭത്തിൽ, പൗലൊസ് നാല് പ്രാവശ്യം പറഞ്ഞു, "അവൻ" എന്ന്. യേശു ദൈവത്തിന്റെ പ്രതിമയാണ് (വാ. 15), സർവ്വത്തിനും മുമ്പെയുള്ളവൻ (വാ. 17), ആരംഭവും (വാ. 18). മറ്റു വേദഭാഗങ്ങളിൽ പൗലൊസ് പറഞ്ഞിരിക്കുന്നത് യേശുവിനെ "സഭ എന്ന ശരീരത്തിന്റെ" തലയായിട്ടാണ് (എഫെ. 1:22, 23; 5:23). കൊലൊസ്യലേഖനത്തിൽ അവൻ ആ ക്രമം മറിച്ചാണ് പറഞ്ഞിരിക്കുന്നത്, "ശരീരം എന്ന സഭ" (വാ. 18; 1:24 നോക്കുക).

ശരീരത്തിനു തലയോടുള്ള ബന്ധം പ്രാധാന്യമുള്ള ഒന്നാണ്. തല ശരീരത്തിന്റെ പ്രവൃത്തികളെ നിയന്ത്രിക്കുകയും, നയിക്കുകയും ചെയ്യും, എന്നാൽ ശരീരം തലയുടെ ഇഷ്ടത്തോട് കീഴ്പ്പെട്ട് പ്രതികരിക്കുന്നു (എഫെ. 5:24). യേശു തലയായതുകൊണ്ട്, ശരീരം മുഖാന്തരമാണ് തന്റെ ഉദ്ദേശം നിറവേറ്റുന്നത്. ഈ ശരീരമായ സഭയാണ് യേശുവിന്റെ ആഗ്രഹം നിറവേറ്റുന്നത്; അതിലെ അംഗങ്ങൾ ഭൂമിയിലെ അവന്റെ പ്രതിനിധികളായിട്ടാണ് പ്രവർത്തിക്കുന്നത്. തലക്ക് പ്രവർത്തിക്കുവാൻ ശരീരം വേണം, ശരീരത്തിന് പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാൻ തല വേണം. ശരീരത്തിന്റെ ക്ഷേമത്തിനും കരുതലിനും അത് തലയെയാണ് ആശ്രയിക്കുന്നത്. യേശുവിന് ശരീരത്തോടുള്ള ബന്ധം വ്യക്തിപരമാണ്; ആ ബന്ധം ഒരു ഉടമസ്ഥന് കെട്ടിടത്തോടുള്ള ബന്ധത്തിൽനിന്നു വ്യത്യസ്തമാണ്. തലയും ശരീരവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെങ്കിൽ മാത്രമെ ശരിയായ പ്രവർത്തനം സഭക്ക് വ്യക്തിപരമായി ചെയ്യുവാൻ കഴിയുകയുള്ളു.

ഏ. ടി. റോബർട്ട്സൺ തലയായ യേശുവിനെ കുറിച്ച് പറഞ്ഞിരിക്കുന്നത് പരിഗണിക്കത്തക്കതാണ്:

> സഭയുടെ മേൽ അവന് ആധിപത്യവും കർത്തൃത്വവുമുണ്ട്, കൃത്യമായും തലയാണ് ശരീരത്തെ ഭരിക്കുന്നത്. തലയും ശരീരവും തമ്മിൽ പ്രധാനപ്പെട്ട ബന്ധമാണുള്ളത്. എങ്ങനെയായാലും ശരീരം തലയോട് കൽപിക്കുകയില്ല. പലപ്പോഴും അത് വേദന നൽകിയേക്കാം, എന്നാൽ അത് തലക്ക് കീഴ്പ്പെട്ട് തലയുടെ നിയന്ത്രണത്തിലായിരിക്കും ... ശരീരത്തിനു തല ആവശ്യമാണ്, തലക്ക് തന്റെ ആജ്ഞയും ഇഷ്ടവും അനുസരിക്കുവാൻ ശരീരം ആവശ്യമാണ്.[16]

ശരീരവും സഭയും ഒന്നു തന്നെയാണ്. റോബർട്ട്സൺ ശരിയായി പ

റഞ്ഞു, "ഇവിടെ പൗലൊസ് രണ്ട് വാക്കുകൾ, 'ശരീരം' എന്നും 'സഭ' [എന്നും] പറഞ്ഞിരിക്കുന്നതു ഒന്നു മറ്റൊന്നിനെ വിശദീകരിക്കുവാനാണ് ..."[17] അതു കൊണ്ട്, സഭ എന്നു പറയുന്നത്, ക്രിസ്തുവിന്റെ ശരീരമാണ്, ക്രിസ്തുവിന്റെ സഭയാണ്.

പൗലൊസ് എഴുതിയത്, "ശരീരം" എന്നാണ്, അല്ലാതെ "ശരീരങ്ങൾ" എന്നല്ല. "ശരീരം" എന്നെഴുതി, പൗലൊസ് അന്തർലീനമാക്കിയത്, ഏകശരീരമാണ് സഭ എന്നത്രെ. സഭയെ ആലങ്കാരികമായി ശരീരമെന്ന് പറഞ്ഞപ്പോഴെല്ലാം പൗലൊസ് ഉപയോഗിച്ചത്, ബഹുവചനമല്ല, ഏകവചന നാമമാണ് (1 കൊ. 12:24, 25, 27; എഫെ. 1:23; 4:12, 16; 5:23, 30; കൊലൊ. 1:24; 2:19). ശരീരം ഒന്നുമാത്രമാണെന്ന് പൗലൊസ് അസംഖ്യം പ്രാവശ്യം പറഞ്ഞിരിക്കുന്നു (റോമ. 12:5; 1 കൊ. 10:17; 12:12, 13, 20; എഫെ. 2:16; 4:4; കൊലൊ. 3:15). ക്രിസ്തുവിന്റെ ശരീരം (1 കൊ. 12:27) അല്ലെങ്കിൽ "അവന്റെ ശരീരം" (എഫെ. 1:23; 5:30; കൊലൊ. 1:24), എന്ന് പൗലൊസ് എഴുതിയത്, ക്രിസ്തുവിന്റെ ഏകശരീരം എന്നു പറയുന്നത് ക്രിസ്തുവിന്റെ സഭയാണ് എന്നു ബോധ്യമാക്കുവാനാണ്. ബഹുവചനത്തിൽ "സഭകൾ" എന്ന പ്രയോഗം–"ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു" (റോമ. 16:16)–എന്ന ബഹുവചനത്തിലുള്ള ഉപയോഗം സാർവ്വലൗകിക സഭകളെ ഉദ്ദേശിച്ചല്ല, മറിച്ച് പ്രാദേശിക ഇടവകകളെ ഉദ്ദേശിച്ചാണ്.

ശരീരം സഭയാണ് എന്ന ആശയത്തിന് സുപ്രധാന സൂചനകളാണുള്ളത്.

> സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്ന ആശയം ഒരുപക്ഷെ, വിശ്വാസികൾ എങ്ങനെ "ക്രിസ്തുവിൽ" ആകുന്നു എന്നും ക്രിസ്തു ഒരു വ്യക്തി എന്ന നിലയിൽ അവരിൽ വസിക്കുന്നു എന്നും ഏറ്റവും നല്ല രീതിയിൽ മനസിലാക്കി കൊടുപ്പാനായിരിക്കാം പൗലൊസ് പറഞ്ഞിരിക്കുന്നത്. കാരണം "ക്രിസ്തുവിനോട്" ചേരുവാൻ സ്നാനം ഏൽക്കുന്നവരാണ് അവന്റെ ശരീരത്തിലെ അംഗങ്ങളാകുന്നതും "ക്രിസ്തുവിൽ" ആകുന്നതും (ഗലാ. 3:27); അവൻ അവരിലാകുന്നതിന്റെ കാരണം അവന്റെ ജീവനാണ് അവരെ രൂപാന്തരപ്പെടുത്തിയത്. യോഹന്നാൻ 15:1 മുതലുള്ള വേദഭാഗത്തിൽ ഇതിന്റെ സമാന ചിന്ത താരതമ്മ്യപ്പെടുത്താവുന്നതാണ്; മുന്തിരിവള്ളിയുടേയും കൊമ്പുകളുടേയും ഉപമയിൽ, മുന്തിരിവള്ളിയിലാണ് കൊമ്പ് വസിക്കുന്നത്, അതേസമയത്ത് മുന്തിരിവള്ളികൊമ്പുകളിലും വസിക്കുന്നു.[18]

"ശരീരം" (*സോമാ*) ഒരു കൂട്ടം ആളുകളെ പറയുന്നതിനായി ഉപയോഗിച്ചിരിക്കുന്നു, അത് "സ്റ്റുഡന്റ് ബോഡി," "ലെജിസ്ലേറ്റിവ് ബോഡി" എന്നെല്ലാം പറയുമ്പോൾ, പ്രവർത്തിക്കുന്ന അംഗങ്ങളുടെ സംഘത്തെയാണ് കാണിക്കുന്നത്. സഭയെ പൗലൊസ് മനുഷ്യശരീരത്തോട് താരതമ്മ്യം ചെയ്തിരിക്കുകയാണ് (റോമ. 12:4, 5; 1 കൊ. 12:12, 13), അത് ശരീരത്തിന്റെ മൊത്തം പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ഓരോ അംഗത്തെയും ബന്ധിപ്പിച്ചിരിക്കുന്നത് പോലെയാണ്.

പുതിയനിയമത്തിൽ "സഭ" (*എക്ലേസിയ*) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് കെട്ടിടം എന്ന അർത്ഥത്തിലല്ല, മറിച്ച് ഒരു കൂട്ടം ആളുകളെ ഉദ്ദേശിച്ചാണ്. ക്രിസ്തീയ പദാവലിയിലേക്ക് *എക്ലേസിയ* വരുന്നതിനു മുൻപ് ആ വാക്ക് നി

രന്തരമായി കൂടിവന്ന രാഷ്ട്രീയ സംഘത്തെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരുന്നത്-ഗ്രീക്ക് സമൂഹത്തിലെ-ടൗൺ കൗൺസലിനെ അങ്ങനെ വിളിച്ചിരുന്നു. പുതിയ നിയമത്തിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് ക്രിസ്തുവിന്റെ അനുയായികളെ മൊത്തത്തിൽ (മത്താ. 16:18), ക്രിസ്തുവിന്റെ പ്രാദേശിക ഇടവകകളെ (റോമ. 16:16), ഒരു പ്രദേശത്തുള്ള സഭകളെ (1 കൊ. 16:1), ക്രിസ്ത്യാനികൾ കൂടി വരുന്നതിനെ (1 കൊ. 14:23), അംഗങ്ങളുടെ സഭായോഗത്തെ (പ്രവൃ. 8:1), മതപരമല്ലാത്ത കൂടിവരവിനെ (പ്രവൃ. 19:32, 39, 41) ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നു. 1:18-ൽ ആണ്, “സഭ” എന്ന വാക്ക് കൊലൊസ്യലേഖനത്തിൽ ആദ്യമായി നാം കാണുന്നത്. വാക്യം 24 ലേതുപോലെ, ഇവിടെ അതിന്റെ അർത്ഥം, യേശുവിന്റെ അനുയായികൾ എന്നാണ്, അല്ലാതെ പ്രത്യേകമായ ഒരു ഇടവക എന്നല്ല. പിന്നീട് പൗലൊസ് ആ വാക്ക് രണ്ട് തവണ പ്രാദേശിക ഇടവക എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുകയാണ് (4:15, 16).

സഭയുടെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നതാണ് അതിനു ക്രിസ്തുവിനോടുള്ള ബന്ധം. അതിന്റെ നിർമ്മാതാവും ഉടമസ്ഥനും (മത്താ. 16:18), സമ്പാദിച്ചവനും (പ്രവൃ. 20:28), അടിസ്ഥാനവും (1 കൊ. 3:11), തലയും (എഫെ. 1:22, 23), രക്ഷകനും (എഫെ. 5:23) യേശുവാണ്. സഭ മുഖാന്തരമാണ് ദൈവം തന്റെ ജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്നത് (എഫെ. 3:10). യേശു അതിനെ വിശുദ്ധയും നിഷ്ക്കളങ്കയുമായി നിർത്തും (എഫെ. 5:25-27).

തന്റെ സ്വന്ത രക്തം കൊടുത്തു സമ്പാദിച്ചതിനാൽ, സഭ യേശുവിന്നുള്ളതാണ്. അതുകൊണ്ട്, അതിനെ “ക്രിസ്തുവിന്റെ സഭകൾ” എന്നു പറയാം (റോമ. 16:16) അല്ലെങ്കിൽ “ദൈവത്തിന്റെ സഭ ” (1 കൊ. 1:2) കാരണം യേശു ദൈവമാണ് (യോഹ. 1:1, 2). ഒരു പട്ടണത്തിലെ ഒരു ഇടവകയേയും സഭയായി തിരിച്ചറിയിച്ചേക്കാം, ഉദാഹരണമായി “യെരുശലേമിലെ സഭ ” (പ്രവൃ. 8:1). സമൂഹത്തിലെ ഒരു പ്രത്യേക ഭാഗത്തുള്ള സഭകളെ ബൈബിൾ ആധികാരികമായി “ജാതികളുടെ സഭകൾ” എന്നു പറയുന്നുണ്ട് (റോമ. 16:4), ഒരു പ്രദേശത്തുള്ള സഭകളെ ഒന്നായി “ഗലാത്യസഭകൾ” എന്നു വിളിച്ചിട്ടുണ്ട് (1 കൊ. 16:1). ബൈബിളിലെ മറ്റു പ്രയോഗങ്ങൾ “വിശുദ്ധന്മാരുടെ സഭകൾ” (1 കൊ. 14:33). “ജീവനുള്ള ദൈവത്തിന്റെ സഭകൾ” (1 തിമൊ. 3:15), “ആദ്യജാതന്മാരുടെ സഭ [ഏകമായ] ” (എബ്രാ. 12:23) എന്നിവയാണ്. പ്രവൃ. 5:11 പറയുന്നത് “സഭ ...” എന്നു മാത്രമാണ്.

സഭ എന്നത് “സ്വർഗരാജ്യമാണ്” (മത്താ. 16:18, 19), “കൂട്ടം” (പ്രവൃ. 20:28). “അവന്റെ ശരീരം” (എഫെ. 1:22, 23), “ദൈവഭവനം [അല്ലെങ്കിൽ കുടുംബം]’’ (1 തിമൊ. 3:15). ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അവയവങ്ങൾ, രാജ്യത്തിലെ പൗരന്മാരാണ് (എഫെ. 2:19), കൂട്ടത്തിലെ ആടുകളാണ് (യോഹ. 10:16), ദൈവത്തിന്റെ മക്കളും, അവന്റെ ഭവനത്തിലെ അംഗങ്ങളുമാണ് (ഗലാ. 3:26, 27). യേശുവിന്റെ മരണത്താൽ ശുദ്ധീകരിക്കപ്പെട്ടവരാണ് സഭയിലുള്ളത്. സ്നാനം ആളുകളെ രാജ്യത്തിലേക്ക് പ്രവേശിക്കുമാറാക്കുന്നു (യോഹ. 3:5), അത് ഏക ശരീരമാണ് (1 കൊ. 12:13), അതാണ് സഭ (1 തിമൊ. 3:15). സ്വർഗത്തിലെ ജീവപുസ്തകത്തിൽ അവരുടെ പേരുകൾ എഴുതിയിരിക്കുകയാണ് (എബ്രാ. 12:23; വെളി. 21:27). അവരാണ് “വിശുദ്ധ നഗരത്തിൽ” പ്രവേശിക്കുന്നത് (വെളി. 21:2, 10; 22:19)

ബൈബിളിലെ അസംഖ്യം പ്രസ്താവനകളിൽനിന്നും സഭയുടെ അന്തിമ സ്ഥാനമാണ് സ്വർഗം എന്നു തെളിയുന്നു. യേശുവിന്റെ രാജ്യത്തിലെ മക്കൾ പി

താവിന്റെ രാജ്യത്തിൽ സൂര്യനെ പോലെ ശോഭിക്കും (മത്താ. 13:37-43). തന്റെ കൂട്ടത്തിലുള്ള ആടുകൾക്ക് യേശു നിത്യജീവൻ നൽകും (യോഹ. 10:27. 28). അവൻ ശരീരത്തിന്റെ രക്ഷിതാവാണ് (എഫെ. 5:23). മക്കളായതുകൊണ്ട്, നാം അവകാശികളാകുന്നു (റോമ. 8:16, 17; ഗലാ. 4:7). നമ്മുടെ അവകാശം സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുകയാണ് (1 പത്രൊ. 1:3, 4).

അവന്നു കീഴ്പ്പെട്ടിരിക്കുന്നവരെയാണ് ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളായി അവൻ സ്വീകരിക്കുന്നത് (എഫെ. 5:24). അവനോടുള്ള സ്നേഹവും ഭയവും നിമിത്തമാണ് ക്രിസ്ത്യാനികൾ അവനോട് പ്രതികരിക്കുന്നത് (യോഹ. 14:15, 21, 23; ഫിലി. 2:12; 1 പത്രൊ. 1:17). യേശു പറഞ്ഞു, "എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്ക് ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും" (യോഹ. 12:26).

### "അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽനിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു" (1:18)

**അവൻ ആരംഭവും മരിച്ചവരിൽനിന്നും ആദ്യനായി എഴുന്നേറ്റവനുമാണ്** എന്നത്രെ പൗലൊസ് എഴുതിയത്. വാക്യം 15 ലേതുപോലെ, പൗലൊസ് യേശുവിനെ "ആദ്യജാതൻ" (കൂടുതലും "ആരംഭവും" "ആദ്യജാതൻ" എന്നുമാണ് പറയുന്നത്, 1:15 ന്റെ ചർച്ച നോക്കുക), മുൻപ്, അവൻ പറഞ്ഞു, "സകല സൃഷ്ടിയുടേയും ആദ്യജാതൻ"; ഇപ്പോൾ അവൻ പറഞ്ഞു, "മരിച്ചവരിൽനിന്നും ആദ്യജാതൻ" (വെളി. 1:5 നോക്കുക).

മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ ആദ്യ വ്യക്തിയായിരുന്നില്ല യേശു. സാരെഫാത്തിലെ വിധവയുടെ മകനെ ഏലിയാവ് ഉയർപ്പിച്ചിരുന്നു (1 രാജാ. 17:21, 22). ഏലിശാ ശൂനേംകാരത്തിയുടെ മകനെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നിരുന്നു (2 രാജാ. 4:34-36). ഏലിശാ പ്രവാചകന്റെ കല്ലറയിലേക്ക് എറിയപ്പെട്ട മനുഷ്യനും ജീവിതത്തിലേക്ക് തിരിച്ചു വന്നു (2 രാജാ. 13:20, 21). യേശു യായിറോസിന്റെ മകളെ ഉയർപ്പിച്ചിരുന്നു (മർ. 5:22, 35-42) , നയിൻ പട്ടണക്കാരത്തിയുടെ മകനേയും (ലൂക്കൊ. 7:11-15), ലാസറിനേയും ജീവിപ്പിച്ചു (യോഹ. 11:43, 44). അവരെല്ലാം യേശു ഉയർത്തെഴുന്നേൽക്കുന്നതിനു മുൻപ് ഉയർത്തെഴുന്നേറ്റവരാണ്. ആകയാൽ അക്ഷരികമായി യേശു അല്ല ആദ്യം ഉയർത്തെഴുന്നേറ്റത്. പക്ഷെ അവനാണ് ഏറ്റവും മുഖ്യൻ. ആ അർത്ഥത്തിൽ ഉയർത്തെഴുന്നേറ്റ എല്ലാവരെക്കാളും അവൻ "ആദ്യജാതൻ" തന്നെയാണ്. വീണ്ടും മരിക്കുവാനല്ലാതെ ആദ്യമായി ഉയർത്തെഴുന്നേറ്റവൻ അവൻ മാത്രമാണ് (1 കൊ. 15:22, 23). അവന്റെ ഉയർത്തെഴുന്നേൽപ് മുഖാന്തരം, മറ്റുള്ളവർക്ക് പിൻപറ്റുവാനുള്ള ഒരു വഴി തുറന്നു (റോമ. 6:8).

കാലനിർണ്ണയപ്രകാരം യേശു ആദ്യം ഉയർത്തെഴുന്നേറ്റു എന്നു പറയുന്നതിനു പകരം, പൗലൊസ് യേശുവിന്റെ മുമ്പ് ഉണ്ടായിരുന്ന അവസ്ഥയെയാണ് ഊന്നി പറഞ്ഞത്. "മരിച്ചവരിൽനിന്ന്" എന്നു പറഞ്ഞതിൽ, അന്തർലീനമാക്കിയത്, മരണത്തിൽനിന്ന് അവൻ തന്റെ പ്രാമുഖ്യസ്ഥാനത്തേക്ക് വന്നു എന്നാണ്. പെന്തെകൊസ്തുനാളിൽ പത്രൊസ് ഈ സത്യം പറഞ്ഞു. ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുവാനായിരുന്നു യേശു ഉയർത്തെഴുന്നേറ്റത് (പ്രവൃ. 2:30, 31), അവൻ സ്വർഗാരോഹണം ചെയ്തതുമുതൽ സകലത്തെയും വാഴുവാൻ തുടങ്ങി (എഫെ. 1:20-23; 1 പത്രൊ. 3:22).

പ്രപഞ്ചം മുഴുവനും എല്ലാറ്റിന്റേയും മുകളിൽ എന്ന സ്ഥാനത്തിന്റെ അടിസ്ഥാനത്തിലാണ് അവൻ സഭയുടെ തലയായിരിക്കുന്നത്. അവൻ ആയി രിക്കുന്നത് പ്രപഞ്ചത്തിന്റെ മുകളിൽ മാത്രമല്ല, സഭയുടേയും തലയായിട്ടാണ് ഇരിക്കുന്നത്. അവൻ ഇപ്പോൾ പ്രപഞ്ചത്തിലെ സകല സ്ഥാപനങ്ങളെയും വാണുകൊണ്ടാണിരിക്കുന്നത്.

### "അവൻ വന്നു സകലത്തിലും മുമ്പൻ ആകേണ്ടതിന്നു തന്നെ" (1:18)

പൗലൊസ് തുടർന്നു, **സകലത്തിലും താൻ മുമ്പനാകേണ്ടതിന്നു എന്നു പറഞ്ഞിരിക്കുന്നു**. "പ്രഥമസ്ഥാനം ലഭിക്കുവാൻ" (*പ്രോടെയുവോ*) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. എങ്ങനെയായാലും, അതിന്റെ നാ മവിശേഷണം ആയ *പ്രോടോസ്* പല പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് കാണാം. ഈ വാക്കിന്റെ അർത്ഥം "ഒന്നാമത്" എന്നാണ്, അതിന്റെ ഉറവിടം ഇംഗ്ലീഷിലെ വാക്ക് "പ്രോടോൺ" എന്നാണ്.

യേശുവിന്റെ ഔന്നത്യം ജന്മനായുള്ളതായിരുന്നില്ല. മരിച്ചവരിൽനിന്ന് യേശു പ്രഥമനും പ്രമുഖസ്ഥാനത്തുള്ളവനുമാണ്. മരണത്തെ അവൻ ജയി ച്ചതിനാൽ, അവൻ ജീവന്റെ ഉറവിടമായി. സകലശത്രൂക്കളെയും ജയിച്ച വിജ യിയായി (എബ്രാ. 2:14), അവൻ സകലത്തിനും മീതെയായി, ശത്രുപക്ഷത്ത് ഇപ്പോൾ അവന് എതിരാളി ആരുമില്ല. തനിക്കുവേണ്ടി ജീവിക്കുന്നവർക്കെല്ലാം മരണത്തിന്മേൽ ജയം നൽകുവാൻ അവനു കഴിയും (1 കൊ. 15:55–57).

യേശു സ്വർഗാരോഹണം ചെയ്തപ്പോൾ, അവനു സ്വർഗത്തിലേയും ഭൂമി യിലേയും സകല അധികാരവും നൽകി. ഇപ്പോൾ അവന്നു സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും ഉണ്ട്.[19] അവന് മുകളിൽ പിതാവ് മാത്രമാ ണുള്ളത്, അവനാണ് സകലത്തെയും അവന്റെ കാൽക്കീഴാക്കിയത് (1 കൊ. 15:27). സകല അധികാരവും അവന് ഉണ്ടെങ്കിലും, ചില ശത്രുക്കളെ അവന് കീഴ്പ്പെടുത്തേണ്ടിയിരിക്കുന്നു (1 കൊ. 15:25, 26).

### "പിതാവിന്നു പ്രസാദം തോന്നി" (1:19)

യേശുവിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാൻ ... **പിതാവിന്നു പ്രസാദ മായി** എന്നാണ് പൗലൊസ് പറഞ്ഞത്. "ഫോർ" (*ഹോടി*) എന്നത് വാക്യം 16 മുതൽ 18 വരെ യേശുവിനെ കുറിച്ചു പറഞ്ഞത് ഈ വാക്യവുമായി ബന്ധി പ്പിച്ചാണ് "കാരണം" എന്ന തർജിമ ചെയ്തിരിക്കുന്നത്. "പ്രസാദം" (*എയി ഡോകെയോ*), അല്ലെങ്കിൽ "പ്രസാദിച്ചു" എന്ന അതേ ക്രിയയാണ് യേശു സ്നാനപ്പെട്ടപ്പോഴും, മറുരൂപമലയിൽ വെച്ചും പിതാവ് യെശയ്യാ പ്രവചനം ഉദ്ധരിച്ചു പറഞ്ഞത് (മത്താ. 3:17; 12:18; 17:5).

യേശുവിന്നു ഏറ്റവും ഉയർന്ന സ്ഥാനം നൽകി, പിതാവ് തന്റെ നിത്യമായ ഉദ്ദേശം അവനിൽ നിവർത്തിക്കുകയായിരുന്നു. യേശു ആ ഉയർന്ന സ്ഥാനം പിതാവിൽനിന്നും എടുക്കുകയായിരുന്നില്ല (ഫിലി. 2:6), എന്നാൽ കരുണയാൽ അവനിലേക്ക് പകരുകയായിരുന്നു. യേശു പിതാവിന്റെ ഇഷ്ടം ചെയ്യുവാനാ ണ് വന്നത്, കാരണം അവനും പിതാവും ഉദ്ദേശത്തിൽ ഒന്നാകുന്നു (യോഹ. 10:30). താൻ ചെയ്ത സകലത്തിലും യേശുവിന്റെ ഉദ്ദേശം പിതാവിന്റെ ഇഷ്ടം അനുസരിക്കുക എന്നതായിരുന്നു (യോഹ. 4:34; 5:30; 6:38; എബ്രാ. 10:9). ക്രൂശിൽ മരിക്കുവാൻ യേശു തന്നെത്താൻ അനുസരണത്തിന് കീഴ്പ്പെടു

ത്തിയതിനാൽ, പിതാവ് "സർവ്വനാമത്തിലും മേലായ നാമം നൽകി അവനെ ഉയർത്തി" (ഫിലി. 2:9).

യേശു മുഖാന്തരവും അവന്റെ മക്കൾ മുഖാന്തരവും "ഇഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലൊ തിരുവുള്ളമുണ്ടായിട്ട് പ്രവർത്തിക്കുന്നത്" (ഫിലി. 2:13). അതിനർത്ഥം എല്ലാം സംഭവിക്കുവാൻ ദൈവമാണ് കാരണം എന്നു ധരിക്കരുത്. തിരഞ്ഞെടുക്കുവാനുള്ള അവകാശം അവൻ ഓരോരുത്തർക്കും നൽകിയിരിക്കുകയാണ് (യോശു. 24:15), ഗത്ത്ശെമന തോട്ടത്തിൽവെച്ച് യേശു പ്രാർത്ഥിച്ചപ്പോഴും തനിക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നതായി സൂചിപ്പിച്ചിരുന്നു (മത്താ. 26:39).

### "സർവ്വസമ്പൂർണ്ണതയും അവനിൽ വസിക്കേണ്ടതിന്ന്" (1:19)

ദൈവത്തിന്റെ ഇഷ്ടം അല്ലെങ്കിൽ താൽപര്യം **സർവ്വ സമ്പൂർണ്ണതയും അവനിൽ വസിക്കുക** എന്നതായിരുന്നു "വസിക്കുക" (*കാറ്റായികെയോ*) വർത്തമാനകാല കേവല ക്രിയയാണ്, ആ സമ്പൂർണ്ണത *തുടർച്ചയായി* വസിച്ചുകൊണ്ടിരിക്കും എന്നാണ് സൂചിപ്പിക്കുന്നത്. യേശുവിന്റെ ഭൂമിയിലെ വാസത്തെ "ഡ്വെൽട്ട്" എന്നാണ് പറഞ്ഞിരിക്കുന്നത് (യോഹ. 1:14), ഉപയോഗിച്ച അയോറിസ്റ്റ് രൂപം ഒരിക്കൽ മാത്രമുള്ള വാസത്തെയാണ് സൂചിപ്പിക്കുന്നത്. യേശുവിൽ വസിക്കുന്ന സമ്പൂർണ്ണത ഒരിക്കൽ-മാത്രം സഭവിക്കുന്നതല്ല, തുടർന്നുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ്.

"സമ്പൂർണ്ണത" എന്നതിന്റെ ഗ്രീക്ക് വാക്ക് *പ്ലെരോമാ*, ഇവിടെ ഉപയോഗിച്ചിരിക്കുന്നത് പൂർണ്ണത കാണിക്കുവാനാണ്, യോഹന്നാൻ 1:16 ലും, എഫെസ്യർ 1:23 ലും; 3:19 ലും; 4:13 ലും അതുപോലെ തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. പിന്നീട് പൗലൊസ് കൊലൊസ്യരോട് പറയുമ്പോൾ, ക്രിസ്തുവിലുള്ള സമ്പൂർണ്ണതയെ കുറിച്ച് പറഞ്ഞു: "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപത്തിൽ വസിക്കുന്നത്" (കൊലൊ. 2:9). അവനിലാണ്, രക്ഷയും, ഉയർത്തെഴുന്നേൽപും, സകല അധികാരവും, ശക്തിയും, പിതാവ് പ്രദർശിപ്പിച്ചിരിക്കുന്നത്. കൂടാതെ, അവനിൽ, ദൈവത്തിന്റെ സകല സമ്പൂർണ്ണതയും, ഉദ്ദേശവും മനുഷ്യർക്ക് പിതാവിന്റെ തികഞ്ഞ സ്വഭാവം പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

പിതാവിന്റെ ദൈവികമായ ഉദ്ദേശം യേശുവിൽ നിറവേറ്റി. യേശുവല്ലാതെ, മനുഷ്യവർഗത്തിന് വേറൊരു സൃഷ്ടിതാവോ, കർത്താവോ, ഗുരുവോ, നിയമദാതാവോ, രക്ഷകനോ ഇല്ല. സകലവും സൃഷ്ടിച്ചതുമായ ബന്ധത്തിൽ, യേശുവാണ് എല്ലാം എല്ലാം. സൃഷ്ടിത്വത്തെ സംബന്ധിച്ച ദൈവത്തിന്റെ ഉദ്ദേശമെല്ലാം യേശുവിൽ അവൻ നിവർത്തിച്ചു. ക്രൂശിൽ അവൻ അനുസരണം പഠിച്ചു തികഞ്ഞവനായി മനുഷ്യരക്ഷക്കു കാരണഭൂതനായി തീർന്നു (എബ്രാ. 5:9). ഇവക്കെല്ലാം പുറമെ, അവനിൽ ദൈവത്തിന്റെ മുഴുവൻ ശക്തിയും, ദൈവികത്വ സ്വഭാവവും പൂർണ്ണമായും മായം കലരാതെ നമുക്ക് വെളിവാക്കി തന്നു. യേശു ഒരു മനോഗുണത്തിലും കുറവില്ലാത്തവനായിരുന്നു.

അതായത്, അവൻ ഭൂവാസികളുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുവാൻ ദൈവം അവനിൽ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും നൽകിയിരിക്കുകയാണ്. യേശുവിനെ വിട്ട് മറ്റാരിലേക്കും കൊലൊസ്യർ തിരിയേണ്ട ആവശ്യം ഇല്ലായിരുന്നു. ഇന്നും അതു തന്നെയാണ് സ്ഥിതി. ആളുകൾക്ക് ഇന്ന് രക്ഷ ആവശ്യമാണെങ്കിൽ, അത് നൽകുവാൻ അവൻ മതിയായവനത്രെ. അവർക്ക്

ആത്മിയ സഹായം വേണമെങ്കിൽ, യേശു അതു നൽകുവാൻ തയ്യാറാണ്. ആളുകൾക്ക് ഇന്ന് ഉപദേശം വേണമെങ്കിൽ, യേശു മാത്രമാണ് പറ്റിയ ഗുരു. മനുഷ്യർക്കുള്ള ഏക രക്ഷകനും (പ്രവൃ. 4:12), ഏക മദ്ധ്യസ്ഥനും അവൻ മാത്രമാണ് (1 തിമൊ. 2:5). മദ്ധ്യസ്ഥൻ എന്ന നിലക്ക് ദൈവത്തിൽനിന്നും വേർപെട്ടിരുന്നവരെ ദൈവത്തിലേക്ക് നിരപ്പിക്കുന്നത് അവനാണ്. ക്രിസ്ത്യാനികൾക്ക് ആവശ്യമുള്ള സർവ്വസമ്പൂർണ്ണതയും യേശുവിലുണ്ട്. “ക്രിസ്തുവിൽ മാത്രമുള്ള സമ്പൂർണ്ണതയിലേക്ക് ആളുകളെ നയിക്കുകയാണ് ഗുരുവിന്റെ പ്രവൃത്തി: *ക്രിസ്ത്യാനികൾക്കു നൽകുവാൻ കഴിയാത്തതായി അവനിൽ ഒന്നുമില്ല.*”[20]

യേശുവിനു പുറത്ത് ആത്മിയമായ ആവശ്യങ്ങൾ നിറവേറ്റുവാൻ ശ്രമിക്കുന്നവർ, അതു നൽകുവാൻ കഴിവുള്ള ഏക വ്യക്തിയിൽ നിന്നും അകന്നുപോകുകയാണ്. അവർ അവനിൽനിന്നും അകന്നു അപര്യാപ്തതയുള്ള ഉറവിടത്തിലേക്കാണ് പോകുന്നത്. യിസ്രായേൽ ദൈവത്തിൽനിന്നകന്നു വിഗ്രഹത്തിലേക്ക് പോയപ്പോൾ, യിരെമ്യാവ് എഴുതി, “എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു; അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത പൊട്ടക്കിണറുകളെ തന്നേ കുഴിച്ചിരിക്കുന്നു” (യിരെ. 2:13).

യേശുവിനു പുറത്ത് യാതൊരു നിറവുകളുമില്ല. ദൈവവുമായി ബന്ധപ്പെടുവാൻ ആവശ്യമായ എല്ലാ നിറവും ക്രിസ്ത്യാനികൾക്ക് ലഭിക്കുന്നത് യേശുവിലാണ്. പൗലൊസ് എഴുതിയപ്പോൾ ആ അടിസ്ഥാനം ഈ വേദഭാഗത്തിലും 2:10 ലും ഇട്ടിരിക്കയാണ്, “അവനിൽ നിങ്ങളെ പൂർണ്ണരാക്കിയിരിക്കുന്നു.”

## നിരപ്പിന്റെ അടിസ്ഥാനം
## (1:20)

**[20]അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട്, അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന്നു പ്രസാദം തോന്നി.**

### “അവൻ മുഖാന്തരം സകലത്തെയും തന്നോട് നിരപ്പിപ്പാനും” (1:20)

സമ്പൂർണ്ണത ക്രിസ്തുവിലാണെന്നു പറഞ്ഞശേഷം, പൗലൊസ് പറഞ്ഞത് അവൻ മുഖാന്തരം പിതാവ് നിരപ്പ് സാധ്യമാക്കി എന്നാണ്. **അവൻ മുഖാന്തരം സകലവും തന്നോട് നിരപ്പിപ്പാൻ തന്നെ**: (1) പാപം നിമിത്തം, മനുഷ്യർ ദൈവത്തിൽനിന്നകന്നുപോയി, (2) യേശു മുഖാന്തരം ഒരു സൗഹൃദബന്ധം സാധ്യമാക്കിയത് ദൈവമാണ്. പാപം ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഒരു വിടവ് അല്ലെങ്കിൽ മതിൽ ഉണ്ടാക്കിയിരിക്കുകയാണ്. അത് മനുഷ്യരെ ദൈവത്തിൽനിന്നു വേർപെടുത്തി, അവനുമായുള്ള അവരുടെ ബന്ധത്തിന് ഉലച്ചൽ സംഭവിച്ചു, ദൈവത്തിന് അവരെത്തന്നെ ശത്രുക്കളാക്കി മാറ്റി (യെശ. 59:1, 2; എഫെ. 2:12, 13; യാക്കൊ. 4:4). എല്ലാ മനുഷ്യരും ദൈവത്തോട് സമാധാനമുണ്ടാക്കുകയും, അവനെ സ്നേഹിതനാക്കുകയും വേണം. അബ്രഹാം തന്റെ വിശ്വാസത്താലും പ്രവൃത്തികളാലും ദൈവത്തിന്റെ സ്നേഹിതനായി തീർന്നതിനുള്ള മാതൃകയാണ് (യാക്കൊ. 2:22, 23).

ക്രിസ്തുവിന്റെ പൂർണ്ണതയിൽ നിരപ്പ് കാണാം. അത് ദൈവത്തിന് പ്രസാദമാകുവാനാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഹേ എഴുതി,

വാക്യം 20 ലെ "നിരപ്പിക്കുക" എന്ന കേവല ക്രിയ വ്യാകരണപരമായി ... വാക്യം 19 ലെ "വസിക്കുക" എന്നതിനോട് സമാന്തരമാണ്, വാക്യം 19 ൽ രണ്ട് കേവല ക്രിയകളും പൂർത്തീകരിക്കുന്നതാണ് "പ്രസാദം തോന്നി" എന്നത്. ദൈവം തന്റെ സർവ്വ സമ്പൂർണ്ണതയും തന്റെ പുത്രൻ മുഖാന്തരമാണ് പ്രസാദിക്കുന്നത്. അതിൽ പ്രാധാന്യമുള്ള ചില വ്യത്യാസമുണ്ടെങ്കിലും, ആ ക്രമപ്പെടുത്തൽ 2 കൊ. 5:19 നോട് കൂടുതൽ അടുത്തിരിക്കുന്നു, "ദൈവം ക്രിസ്തുവിൽ ലോകത്തെ തന്നോട് നിരപ്പിക്കുകയായിരുന്നു," "നിരപ്പിക്കുക" എന്ന ക്രിയ വ്യത്യാസമുള്ളതാണ്; തീർച്ചയായും 1:20 ൽ ഉപയോഗിച്ചിരിക്കുന്നത് (ഗ്രീക്ക്. *അപോകാറ്റോലോസെയിൻ*) മുൻപുണ്ടായിരുന്ന ഗ്രീക്ക് സാഹിത്യത്തിൽ കാണുന്നില്ല, പക്ഷെ പൗലൊസ് ഉപയോഗിച്ച 2 കൊ. 5:18–19 നോടും റോമർ 5:10 നോടും യോജിക്കുന്നതായിരിക്കാം (ഗ്രീക്ക്. *കാറ്റോലോസെയിൻ*).[21]

"നിരപ്പ്" രണ്ട് കക്ഷികൾക്കുമിടയിലുള്ള തടസങ്ങൾ മാറ്റി വേർപാടുകൾ ഇല്ലാതാക്കി സ്നേഹിതന്മാരാകുക എന്നാണ് അർത്ഥം. അതു സാധ്യമാക്കുവാൻ യേശു തന്റെ ഭാഗം ചെയ്തത്, മനുഷ്യരുടെ പാപങ്ങളെല്ലാം ക്രൂശിൽ ചുമന്ന് ഒഴിച്ചതുകൊണ്ടാണ് (1 പത്രൊ. 2:24). മനുഷ്യർക്ക് ആ നിരപ്പ് ലഭിക്കുവാൻ അവർ യേശുവിന്റെ ഇഷ്ടം ചെയ്യണം. നിരപ്പ് സാധ്യമായ ക്രിസ്തു*വിൽ* ആളുകളെ കാണുവാനാണ് ദൈവം ആഗ്രഹിക്കുന്നത് (2 കൊ. 5:19). മനുഷ്യർക്ക് വേണ്ടി, അവരുടെ പാപത്തിന്റെ ശാപം യേശു സ്വയം ഏറ്റെടുത്തു പാപമായി തീർന്നു (ഗലാ. 3:13; 2 കൊ. 5:21). അടുത്ത പടി മനുഷ്യരുടേതാണ്: ദൈവത്തോട് നിരപ്പ് പ്രാപിക്കുവാൻ ഒരു വ്യക്തി ക്രിസ്തുവിൽ പ്രവേശിക്കണം (2 കൊ. 5:20; ഗലാ. 3:26, 27). ദൈവം യേശു മുഖാന്തരം തന്റെ നിരപ്പ് പ്രവൃത്തി പൂർത്തിയാക്കി. അതിനപ്പുറം അവൻ ഒന്നും ചെയ്യുകയില്ല.

ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ അടിസ്ഥാനത്തിലല്ല, മനുഷ്യവർഗം ദൈവത്തിൽനിന്നും അകന്നുപോയത്. നാം ദൈവത്തിൽനിന്ന് അകന്നുപോകുവാൻ നാം തന്നെയാണ് കാരണമായത് (ഉല്. 3:23, 24). ശിശുക്കൾ നന്മതിന്മകൾ അറിഞ്ഞുകൊണ്ടല്ല ഭൂമിയിൽ ജനിക്കുന്നത് (ആവ. 1:39). നന്മതിന്മകളെ കുറിച്ച് അവർ അജ്ഞരാകയാൽ അവരിൽ പാപമില്ല (യോഹ. 9:41). ദൈവരാജ്യം അവർക്കുള്ളതാണ് (മത്താ. 19:14). സ്വന്ത പാപത്താലാണ് ഓരോരുത്തരും ദൈവത്തിൽ നിന്നും അകന്നുപോയത് (യെശ. 59:1, 2; യാക്കൊ. 1:14). തന്റെ ജനത്തെ *അവരുടെ* പാപങ്ങളിൽനിന്നു മോചിപ്പിക്കുവാനായിരുന്നു യേശു വന്നത് (മത്താ. 1:21; എംഫസിസ് ആഡഡ്). "*നിങ്ങളുടെ* പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏൽപിൻ" എന്നായിരുന്നു പത്രൊസ് പ്രസംഗിച്ചത് (പ്രവൃ. 2:38), പൗലൊസിനോട് പറഞ്ഞത് "...സ്നാനമേറ്റു *നിന്റെ* പാപങ്ങളെ കഴുകി കളക" (പ്രവൃ. 22:16). ആദാമിന്റെ പാപം അവകാശമാക്കിയതിനാലോ അല്ലെങ്കിൽ ആദാമിന്റെ പാപത്തിനോ എന്തെങ്കിലും ചെയ്യുവാൻ ആരോടും പറഞ്ഞിട്ടില്ല.

1:6, 23 ലേതുപോലെ "സകലവും" എന്നു പറഞ്ഞിരിക്കുന്നത് പ്രപഞ്ചത്തിലെ എല്ലാം എന്നർത്ഥം വരുന്നില്ല. ഗ്രീക്കിൽ, നാമവിശേഷണമായ *പാന്റ്റ* മാത്രമാണുള്ളത്, അർത്ഥം "എല്ലാം" എന്നാണ്. ഗ്രീക്ക് വേദപുസ്തകത്തിൽ "തിങ്സ്" എന്നില്ല, വാക്കിന്റെ രൂപത്തിൽ അത് അന്തർലീനമാണ്.

"സകലവും" എന്നു പറഞ്ഞിരിക്കുന്നതിൽ പ്രപഞ്ചമോ, മൃഗങ്ങളോ, മറ്റു

സൃഷ്ടികളോ ഉൾപ്പെടുന്നില്ല, കാരണം അവക്കൊന്നും ദൈവത്തിൽനിന്നകലുവാൻ ഒന്നുമില്ല. “സകലവും” എന്നതുകൊണ്ട് പൗലൊസ് അർത്ഥമാക്കിയത്, പാപം ചെയ്തു ദൈവത്തിൽനിന്നു അകന്നതിനാൽ നിരപ്പ് ആവശ്യമായ എല്ലാവരും ആയിരിക്കണം. ദൈവവുമായി ശരിയായ ബന്ധം പുലർത്തുന്നവരെ നിരപ്പിക്കുവാനായിരുന്നില്ല യേശു വന്നത് (മത്താ. 9:13), മറിച്ച്, “കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ” (ലൂക്കൊ. 19:10). പ്രപഞ്ചം മുഴുവനും പരിശോധിച്ചാൽ, മനുഷ്യർക്ക് മാത്രമാണ് ദൈവത്തോട് നിരപ്പ് ആവശ്യമായി വന്നിരിക്കുന്നത്. “സകലവും” എന്നതുകൊണ്ട്, ലോകത്തിൽ ജീവിച്ച എല്ലാ ആളുകൾക്കും യേശു നിരപ്പ് സാധ്യമാക്കി എന്നായിരിക്കാം അർത്ഥം.

“ആൾ തിങ്ങ്സ്” എന്നു പറഞ്ഞിരിക്കുന്നതിനാൽ രക്ഷ സർവ്വലൗകികമാണെന്ന് പറയുവാൻ ചിലർ നിർബ്ബന്ധിതരായിരിക്കുകയാണ്. യാതൊരു നിബന്ധനയും കൂടാതെ ദൈവം എല്ലാവരെയും നിരപ്പിക്കും എന്നല്ല പൗലൊസ് പറഞ്ഞത്. യേശു മുഖാന്തരം നിരപ്പ് സാധ്യമാക്കി, എന്നാൽ അതു ലഭിക്കുവാൻ മനുഷ്യർ പ്രതികരിക്കണം. ദൈവത്തോട് നിരന്നുകൊൾവാൻ കൊരിന്ത്യരോട് പൗലൊസ് അപേക്ഷിക്കയുണ്ടായി (2 കൊ. 5:18–20). തന്നെ അനുസരിക്കുന്നവരെ ആണ് യേശു രക്ഷിക്കുന്നത് (എബ്രാ. 5:9). തന്നെ അനുസരിക്കാത്തവർക്ക് അവൻ നിത്യശിക്ഷാവിധി നൽകും (2 തെസ്സ. 1:7–9). രണ്ട് അന്തിമ സ്ഥാനങ്ങളുള്ളതായി യേശു പറഞ്ഞിരിക്കുന്നു: “നാശവും,” “ജീവനും” (മത്താ. 7:13, 14); “നിത്യശിക്ഷാവിധിയും,” “നിത്യജീവനും” (മത്താ. 25:46); “ജീവങ്കലേക്കുള്ള പുനരുത്ഥാനവും,” “ശിക്ഷാവിധിയിലേക്കുള്ള പുനരുത്ഥാനവും” (യോഹ. 5:29; കെജെവി).

സഭയുടെ പ്രാരംഭ എഴുത്തുകൾ തുടങ്ങിയതോടെ സർവ്വലൗകികമായ രക്ഷ എന്ന ദുരുപദേശം പഠിപ്പിക്കുവാൻ ആരംഭിച്ചു. “സർവ്വലൗകിക ക്രിസ്ത്യാനി എന്നു ആദ്യമായി അറിയപ്പെട്ടത് ഒരുപക്ഷെ ഒറിജെൻ ആയിരിക്കാം. അദ്ദേഹത്തിന്റെ യുവത്വത്തിലെ കൃതിയായ *ഡീ പ്രിൻസിപ്പീസിൽ* ഈ സർവ്വലൗകിക ചിന്തയും എല്ലാവരേയും അവസാനം പുനരേകീകരിക്കുമെന്നും പറയുന്നു.”[22]

### “അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട്, അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ... ഭൂമിയിലുള്ളതോ സർഗത്തിലുള്ളതോ തന്നോട് നിരപ്പിപ്പാൻ പ്രസാദം തോന്നി” (1:20)

അടുത്തതായി, **യേശു ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ സമാധാനം ഉണ്ടാക്കി** എന്നാണ് പൗലൊസ് പറഞ്ഞത്. പാപമോചനത്തിനു വേണ്ടിയാണ് യേശു രക്തം ചിന്തിയത് (മത്താ. 26:28) അങ്ങനെ മനുഷ്യർക്ക് ദൈവത്തോട് സമാധാനം ഉണ്ടായി. മനുഷ്യരെ ദൈവമുൻപാകെ സമാധാനത്തിലാക്കുന്നതിനുമുൻപ് ഇടയിലുണ്ടായിരുന്ന മതിൽ നീക്കം ചെയ്യണമായിരുന്നു. രക്തം ചിന്താതെ എന്തുകൊണ്ട് ദൈവം പാപങ്ങളെ മോചിച്ചുകൊടുക്കുന്നില്ല എന്ന് ഭൂമിയിൽ ജീവിക്കുമ്പോൾ, മനുഷ്യർ ആരും അറിയുന്നില്ല (എബ്രാ. 9:22). “ജീവനുവേണ്ടി ജീവൻ” എന്ന തത്വം (പുറ. 21:23; ആവ. 19:21) നിരപ്പിനായിരിക്കാം. പാപത്തിന്റെ ശമ്പളം മരണം അത്രെ (റോമ. 6:23). പാപത്തിന്റെ പിഴയും ശാപവും യേശു സ്വയം ഏറ്റെടുത്തു (ഗലാ. 3:13) തന്റെ ജീവനുള്ള രക്തം പാപങ്ങളുടെ മോചനത്തിനും, നിരപ്പിനും, നിത്യജീവനും, ദൈവത്തോടുള്ള സമാധാനത്തിനുമായി നൽകി.

യേശു ജനിച്ചപ്പോൾ, ദൂതന്മാർ സമാധാന ഗീതം ആലപിച്ചു, "അത്യുന്നത ങ്ങളിൽ ദൈവത്തിന്നു മഹത്വം; ഭൂമിയിൽ ദൈവപ്രസാദം ഉള്ള മനുഷ്യർക്ക് സമാധാനം" (ലൂക്കൊ. 2:14). തന്റെ ശിഷ്യന്മാർക്ക് കഷ്ടതയുടെ നടുവിലും സമാധാനം നൽകുമെന്ന് യേശു വാഗ്ദാനം ചെയ്തിരുന്നു (യോഹ. 14:27; 16:33). വിശ്വാസമുള്ളവരിലും (റോമ. 5:1; എബ്രാ. 11:6), "നന്മ [ചെയ്യുന്ന]വ രിലും" (റോമ. 2:10), ആത്മിയമനസുള്ളവർക്ക് സമാധാനം കണ്ടെത്താം (റോമ. 8:6), ദുഷ്ടത പ്രവർത്തിക്കുന്നവർ സമാധാന വഴി അറിയുന്നില്ല (റോമ. 3:17). നിരപ്പ് മുഖാന്തരമുള്ള സമാധാനമാണ് മനുഷ്യവർഗത്തിനുള്ള സുവാർത്ത (റോമ. 10:15; എഫെ. 2:17).

വാക്യാവസാനത്തിൽ പൗലൊസ് ആവർത്തിച്ചു പറഞ്ഞത് **ഭൂമിയിലു ള്ളതോ, സ്വർഗത്തിലുള്ളതോ, സകലത്തെയും അവൻ മുഖാന്തരം തന്നോട് നിരപ്പിക്കുവാൻ ദൈവത്തിന്നു പ്രസാദം തോന്നി** എന്നാണ്. "തിങ്സ്" എന്നു പറഞ്ഞിരിക്കുന്നതിന് പ്രായോഗിക തലത്തിൽ മനുഷ്യരേക്കാളധികം അർത്ഥ വ്യാപ്തിയുണ്ട്, എന്നാൽ സൃഷ്ടിക്കപ്പെട്ട "വസ്തുക്കളെ" വീണ്ടെടുക്കുവാൻ യേശുവിന്റെ രക്തം എന്തിനാണ്? അവന്റെ രക്തം പാപം മോചിക്കുവാനാണ് ചിന്തിയത് (മത്താ. 26:28). സകല സൃഷ്ടികളുമല്ല, മനുഷ്യർ മാത്രമാണ് പാ പം ചെയ്തത്.

അതിനുള്ള വിശദീകരണം, ആദാമിന്റെ പാപം നിമിത്തം, സൃഷ്ടിച്ചതിന്മേ ലെല്ലാം, ഭൂമിക്കും, സൗരോർജ്ജത്തിനും, നക്ഷത്രങ്ങളുള്ള ആകാശത്തിനും ശാപം വന്നു. യേശു ആദാം നിമിത്തമുണ്ടായ ശാപം ക്രൂശിൽ വഹിച്ചുകൊണ്ട് യോജിപ്പില്ലായ്മക്ക് പരിഹാരം വരുത്തി. സകലവും പുനരേകീകരിക്കലാണ് അവസാനം സംഭവിക്കുന്നത്. ശാപത്തിനു മുൻപ് പ്രപഞ്ചത്തിലുണ്ടായിരുന്ന (ഉല്. 3:17) യോജിപ്പും സമാധാനവും അങ്ങനെ ഒടുവിൽ യഥാസ്ഥാനമാക്കും (റോമ. 8:18–23). ഹെർബർട്ട് എം. കഴ്സൺ പൗലൊസ് അർത്ഥമാക്കിയത് ഇതാണെന്ന് പറഞ്ഞിരിക്കുന്നു:

> നിരപ്പ് മനുഷ്യരിൽ മാത്രം ഒതുങ്ങുന്നില്ല. അത് സൃഷ്ടിയുടെ ക്രമ ത്തിനു മുഴുവൻ ബാധകമാക്കിയിരിക്കുന്നു. "എല്ലാ മനുഷ്യരേയും" എന്ന് പൗലൊസ് പറഞ്ഞില്ല എന്നതു പ്രാധാന്യമുള്ള കാര്യമാണ്, അവൻ പറഞ്ഞത് *സകലവും* എന്നാണ്. അനിശ്ചിതമായ പ്രയോഗം ദൈവപദ്ധ തിയുടെ പൂർണ്ണതയെയാണ് കാണിക്കുന്നത്. പാപിയായ മനുഷ്യനെ മാത്രമല്ല നിരപ്പിച്ചത്, പിന്നയോ, പാപം നിമിത്തം നിഷ്ഫലമായ സൃഷ്ടി യെയെല്ലാം യഥാസ്ഥാനമാക്കിയതും ([റോമ. 8:20–23] നോക്കുക) ക്രൂ ശിലെ മഹത്തായ പ്രായശ്ചിത്ത ബലിയുടെ അനന്തരഫലമായിരുന്നു.[23]

ചിലർ തീർച്ചപ്പെടുത്തിയിരിക്കുന്നതുപോലെ, ഭൂമിയി*ലുള്ള*തെല്ലാം സ്വർഗത്തിലുള്ളവയോട് നിരപ്പിച്ചു എന്നു പൗലൊസ് പറഞ്ഞിട്ടില്ല. സ്വർഗ ത്തി*ലുള്ള*വക്കു വേണ്ടിയാണ് അവൻ ഭൂമിയി*ലുള്ള*ത് നിരപ്പാക്കിയത്. നി രപ്പ് ആവശ്യമുള്ള എല്ലാവർക്കും യേശു നിരപ്പ് പ്രാപ്തമാക്കി എന്നർത്ഥം. ദൈവത്തോട് നിരപ്പിലാകേണ്ടതിന്റെ ആവശ്യം അവനോട് മൽസരിച്ചവർക്കും അവനെ അനുസരിക്കാതിരുന്നവർക്കുമായതിനാൽ, ഭൗതിക വസ്തുക്കൾ, മൃഗങ്ങൾ, മറ്റു സൃഷ്ടികൾ എന്നിവയെ ഒഴിവാക്കാവുന്നതാണ്. ആളുകളും, ദൂതന്മാരും, അശുദ്ധാത്മാക്കളും ആണ് ദൈവത്തിന് ഇടർച്ച വരുത്തുന്നത്.

നല്ല ദൂതന്മാർക്ക് നിരപ്പ് ആവശ്യമില്ല. മോശമായ ആത്മാക്കൾക്കും ദുരാത്മാക്കൾക്കുമാണ് നിരപ്പ് ആവശ്യം, പക്ഷെ അവർക്ക് അത് ലഭിക്കുകയില്ല. പാപികളായ മനുഷ്യർക്കു വേണ്ടിയാണ് നിരപ്പ് വെച്ചിരിക്കുന്നത്.

ഭൂമിയിലെ പാപികളായ മനുഷ്യർക്ക് യേശു മുഖാന്തരം സമാധാനം ലഭിക്കുമെന്നതു മനസിലാക്കുവാൻ പ്രയാസം കാണുകയില്ല–എന്നാൽ സ്വർഗത്തിലെ ആർക്കാണ് യേശു മുഖാന്തരം സമാധാനം ലഭിക്കേണ്ടത്? മലിനപ്പെട്ടയാതൊന്നിനും സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല (വെളി. 21:27), കാരണം അത് ദൈവത്തിന്റെ വാസസ്ഥാനമാണ്. കൂടാതെ, പാപം ചെയ്ത ദൂതന്മാരിലേക്ക് യേശുവിന്റെ വീണ്ടെടുപ്പ് പദ്ധതി വ്യാപിപ്പിച്ചു എന്നു പറഞ്ഞാൽ അത് പത്രൊസ് പറഞ്ഞതിനു വിപരീതമായി പോകും. അവരെ ഇരുട്ടിൽ ചങ്ങലയിട്ട് ന്യായവിധിക്കായി സൂക്ഷിച്ചിരിക്കുകയാണ് (2 പത്രൊ. 2:4). അവർ *സ്വർഗത്തില*ല്ല, കാരണം അവരെ “നരകത്തിലേക്ക് ... തള്ളിക്കളയും” (*ടാർടാരോസാസ്*) അല്ലെങ്കിൽ “ടാർടാറസിലേക്ക് തള്ളുക”–അതു ന്യായവിധിക്കായി കാത്തിരിക്കുവാനാണ്. ഇവിടെ പറയുന്ന “ന്യായവിധി” മത്തായി 23:14 ലേതുപോലെ “ശിക്ഷാവിധി” എന്നു തർജിമ ചെയ്യുന്നതായിരിക്കും നല്ലത് (മർ. 12:40; ലൂക്കൊ. 20:47; 23:40; റോമ. 3:8; 13:2; 1 തിമൊ. 3:6; 5:12; യൂദാ. 4).

“സൃഷ്ടിയുടെ ക്രമം” എന്ന പോരാട്ടത്തിൽ കഴ്സൺ നിരപ്പിൽ ഉൾപ്പെടുത്തിയതിൽ കാണാതെ പോയ ഒരു കാര്യം എന്തെന്നാൽ, പൗലൊസ് “ഭൂമി” അല്ലെങ്കിൽ “സ്വർഗം” എന്നല്ല പറഞ്ഞത്, പിന്നെയോ ഭൂമി “മേൽ” എന്നും സ്വർഗ “ത്തിൽ” എന്നുമാണ്. നിരപ്പ് ഭൂമി*മേലു*ള്ളവർക്കും, സ്വർഗത്തി*ൽ* ഉള്ളവർക്കുമാണ്, അല്ലാതെ ഭൂമിക്കുവേണ്ടിയോ ആകാശത്തിനു വേണ്ടിയോ ആയിരുന്നില്ല. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും (മത്താ. 24:35) കത്തിയഴിയും (2 പത്രൊ. 3:10–12). ആദാമിന്റേയും ഹവ്വയുടേയും പാപം നിമിത്തമായിരുന്നു ഭൂമിയെ ശപിച്ചത് (ഉല്. 3:17), യേശു നിരപ്പ് വരുത്തിയത് അതിനായിരുന്നില്ല.

ഫിലിപ്പിയർ 2:10 ലേതുപോലെ, “ഭൂമിക്കടിയിൽ” എന്ന് പൗലൊസ് പറഞ്ഞില്ല എന്ന കാര്യം കഴ്സൺ ശ്രദ്ധിച്ചു. “ഭൂമിക്കടിയിൽ” എന്നതിന്റെ അർത്ഥം ദുഷ്ടാത്മശക്തികളാണ്. പൗലൊസ് അവ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ, യേശു സാത്താനും അവന്റെ സന്ദേശവാഹകർക്കും, സകല ദുഷ്ടസേനകൾക്കും യേശു നിരപ്പ് നൽകുന്നു എന്നു വരും.

ഭുമിയി*ലുള്ള*വർക്കും ക്രൂശിലെ യേശുവിന്റെ മരണത്തിനു മുൻപ് മരിച്ചുപോയവർക്കും യേശു നിരപ്പ് സാധ്യമാക്കി എന്നതു എല്ലാവരെയും സന്തോഷിപ്പിക്കുന്ന കാര്യമാണ്. പഴയനിയമകാലത്ത് ജീവിച്ചിരുന്ന അവർ ദൈവേഷ്ടം ചെയ്യുവാൻ ശ്രമിച്ചവരാണ്, പക്ഷെ അവർ ഭൂമിക്ക് പുറത്തുള്ള സ്വർഗീയ പ്രതലത്തി*ൽ* ആണ് കഴിയുന്നത്, യേശുവിന്റെ മരണം അതിനു മുൻപ് ജീവിച്ചിരുന്നവർക്കും പ്രയോജനം വരുത്തി. അവർ യേശു മരിച്ചപ്പോൾ പാതാളത്തിലായിരുന്നുവെങ്കിലും, അവർക്കും യേശു മുഖാന്തരം ദൈവം നിരപ്പ് നൽകി (റോമ. 3:25; എബ്രാ. 9:15). പത്രൊസ് ദാവീദിനെ കുറിച്ച് പറഞ്ഞതുപോലെ (പ്രവൃ. 2:34), അവർ ഇതുവരെ ദൈവത്തോടുകൂടെ സ്വർഗത്തിൽ ആയിട്ടില്ല. എങ്ങനെയായാലും, അവർ ഭൂമിക്കു പുറത്തായതിനാൽ, ഒരു വിധത്തിൽ സ്വർഗത്തിൽ ആണെന്നു പറയാം (എഫെ. 6:12).

രണ്ട് വ്യത്യസ്ത ഗ്രീക്ക് പ്രിപൊസിഷൻ ഉപയോഗിച്ചുകൊണ്ട്, ഒരുപക്ഷെ പൗലൊസ് രണ്ട് സ്ഥാനങ്ങൾ തമ്മിലുള്ള അന്തരം വ്യക്തമാക്കുകയാ

യിരിക്കാം: *എപി* ("മേൽ") ഭൂമി*മേൽ* എന്നും, എൻ ("ഇൽ") സ്വർഗത്തി*ൽ* എന്നും. ഭൂമിയെ നിരപ്പിക്കുന്നു എന്നല്ല പൗലൊസ് പറഞ്ഞത്, "ഭൂമിമേൽ" വസിക്കുന്ന ആളുകളെയാണ്. സ്വർഗത്തെ നിരപ്പിക്കുമെന്നല്ല അവൻ പറഞ്ഞത്, സ്വർഗത്തിൽ ഉള്ളവരെ നിരപ്പിക്കുമെന്നാണ് പറഞ്ഞത്-അതായത്, പാതാളത്തിൽ ഉള്ളവർ ഇപ്പോൾ ദൈവത്തോടുകൂടെ സ്വർഗത്തിൽ ആയിട്ടില്ല, പക്ഷെ ഭൂമിക്കു പുറത്താണ്.

വാക്യം 15 മുതൽ 20 വരെയുള്ള വേദഭാഗങ്ങൾ യേശുവിനെ കുറിച്ചുള്ള ഒരു "ഗീതം" ആയി ചില പണ്ഡിതന്മാർ പരിഗണിച്ചിരിക്കുകയാണ്, എന്നാൽ അതിലെ ക്രമത്തെ സംബന്ധിച്ച് അവർക്കിടയിൽ വലിയ അഭിപ്രായവ്യത്യാസങ്ങളുണ്ട്. അത് ഗീതമാണെങ്കിലും അല്ലെങ്കിലും, ആ ഭാഗം പൗലൊസ് പിന്നെ പറയുന്ന കാര്യങ്ങളുടെ അടിസ്ഥാനമായി കണക്കാക്കാം.

യേശുവിന്റെ ഉന്നതമായ യോഗ്യതകളുടെ പ്രാധാന്യത്തെ ഹേ വിശദീകരിച്ചിരിക്കുന്നു:

> പുത്രനെ പ്രതിമയായി വിവരിക്കുമ്പോൾ (15) ക്രിസ്ത്യാനികൾ സൃഷ്ടികർത്താവിന്റെ പ്രതിമ ധരിക്കണം എന്ന പ്രസ്താവനയോട് യോജിക്കുന്നു (3:10, 11). അവൻ സഭയുടെ തലയാണെന്ന അവകാശം (1:18) കൂടുതലായി 2:10, 19 ൽ വിവരിച്ചിരിക്കുകയാണ്. പുത്രൻ സകലത്തിലും മുമ്പെയുള്ളവൻ എന്ന പ്രസ്താവന (1:18) 1:28; 2:3, 6–7, 17, 19; 3:3, 11; 4:1 ലെ പ്രഖ്യാപനം പോലെയാണ്. ക്രിസ്തുവിന്റെ മരണമാണ് രക്ഷയുടെ ഉറവിടം എന്നു കാണിക്കുന്നതാണ് 1:20 ഉം 1:14, 22; 2:11–15; 3:13 എന്നീ വാക്യങ്ങൾ. സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന ചിന്ത വീണ്ടും 1:24 ലും 2:19 ലും കാണാം. ക്രിസ്തുവിനോടുകൂടെ മരിക്കുകയും ഉയർക്കുകയും ചെയ്യുക എന്ന ആശയം (2:12–13, 20; 3:1, 5) "മരിച്ചവരിൽനിന്നുള്ള ആദ്യജാതൻ" എന്നതു വിശദമാക്കുന്നു (1:18). 1:16 ലെ ദൂതന്മാരുടെ ശക്തികളെ കുറിച്ച് സൂചിപ്പിച്ചത് അമാനുഷ വ്യക്തികളെ പറഞ്ഞിരിക്കുന്ന 2:8, 15, 18 ഉം 20 മായി യോജിക്കുന്നതാണ്. പുത്രന്റെ സർവ്വലൗകികമായ പ്രാധാന്യത്തെ 1:15–20 വരെ ഊന്നി പറഞ്ഞ്, സുവിശേഷം എല്ലായിടത്തും പ്രസംഗിക്കേണ്ടതിന്റെ ആവശ്യം വിശദമാക്കുന്നു (1:6, 23, 27–28; 3:11; 4:3–6). ദുരുപദേഷ്ടാക്കന്മാരെ പ്രതിരോധിക്കുന്നതാണ് 2:16–23. അവസാനമായി, 3:5–4:6 പുത്രൻ മുഖാന്തരമുള്ള ദൈവത്തിന്റെ സൃഷ്ടിയുടെ ക്രമത്തെ സംബന്ധിച്ച ലോക ഗീതത്തിന്റെ കാഴ്ച്ചപ്പാടിൽ, കഠിന വ്രതത്തെ കുറിച്ചുള്ള ദുരുപദേശത്തെയും ലോകത്തിലെ ജീവിതത്തെയും ക്രിയാത്മകമായി കൈകാര്യം ചെയ്തിരിക്കുകയാണ്.[24]

## പ്രായോഗികത

### ക്രിസ്തുവിന്റെ മാഹാത്മ്യം (1:15–19)

ക്രിസ്തുവിന്റെ അധികാരത്തെയും സ്വഭാവത്തെയും പറഞ്ഞുകൊണ്ട്, പൗലൊസ് അവന്റെ മാഹാത്മ്യത്തെ വിവരിച്ചിരിക്കുന്നു. അവർ ക്രിസ്തുവിനോടുള്ള ഭക്തിയിൽ ജീവിക്കുവാനായി കൊലൊസ്യരെ ഉത്തേജിപ്പിക്കുവാനാണ് പൗലൊസ് അങ്ങനെ അവതരിപ്പിച്ചത്. ക്രിസ്തുവിന്റെ മാഹാത്മ്യത്തെ വിവരിച്ചിരിക്കുന്നതിനെ നാലായി തരംതിരിക്കാം: അവൻ എന്തുപോലെയാണ്,

അവൻ എന്തെല്ലാം ചെയ്തു എന്നും അവൻ ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്, അവന്റെ സ്ഥാനം, അവന്റെ ഉയർന്ന അധികാരസ്ഥാനം.

(1) *ക്രിസ്തു ഏതു പോലെയിരിക്കുന്നു.* അവൻ ദൈവത്തിന്റെ പ്രതിമയാണ് (2 കൊ. 4:4 നോക്കുക). പിതാവിനെ മഹത്വപ്പെടുത്തുവാനും, ദൈവം എങ്ങനെയിരിക്കുമെന്ന് വെളിപ്പെടുത്തുവാനുമാണ് യേശു ലോകത്തിലേക്ക് വന്നത് (യോഹ. 1:14, 18). തന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്ന് യേശു തന്റെ അപ്പൊസ്തലന്മാരോട് പറഞ്ഞു (യോഹ. 12:45; 14:9). അതിന്റെ കാരണം യേശു പിതാവിലും, പിതാവ് യേശുവിലുമാണ് എന്നതാണ് (യോഹ. 10:38; 14:10, 11; 17:21).

ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല (യോഹ. 1:18), കാരണം "അവൻ ആർക്കും കാണുവാൻ കഴിയാത്ത, അടുത്തുകൂടാത്ത വെളിച്ചത്തിലാണ് വസിക്കുന്നത്" (1 തിമൊ. 6:16). ദൈവത്തെ ആർക്കും കാണുവാൻ കഴിയാത്തതിനാൽ, യേശു മുഖാന്തരമാണ് അവനെ അറിയിക്കുവാൻ തീരുമാനിച്ചത്, അവൻ എല്ലാ നിലയിലും പിതാവിനെ പോലെയാണ് (എബ്രാ. 1:3).

സൃഷ്ടി മുഖാന്തരം ദൈവം തന്നെ വെളിപ്പെടുത്തി, അതിൽ തന്റെ ശക്തിയുടേയും തേജസിന്റേയും വലിപ്പമാണ് കാണിക്കുന്നത് (സങ്കീ. 19:1; റോമ. 1:20). എങ്ങനെയായാലും, അതു മാത്രം കൊണ്ട് അവന്റെ സ്വഭാവത്തെ മുഴുവൻ പ്രദർശിപ്പിക്കുവാൻ സാധ്യമല്ല. യേശുവിന്റെ സ്വഭാവത്തിലേക്ക് പ്രവേശിച്ചുകൊണ്ട് നമുക്ക് ദൈവത്തിന്റെ സ്വഭാവത്തെ കുറിച്ചു മനസിലാക്കുവാൻ കഴിയും.

നമുക്ക് നേടുവാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട അറിവാണ് ദൈവത്തെ അറിയുക എന്നത്. അവനെ അറിയുന്നതിന്റെ അടിസ്ഥാനത്തിലാണ് നിത്യജീവൻ ഇരിക്കുന്നത് (യോഹ. 17:3). നാം അവനെ അറിയുമ്പോൾ, പാപത്തെ ഉപേക്ഷിച്ച് അവനെ അനുസരിക്കുവാൻ പ്രേരിതരാകും (1 യോഹ. 2:3–5; 3:6). ദൈവത്തെ അറിയുന്നതിൽ കൂടെയാണ് മനുഷ്യന്റെ നിലനിൽപ് ഉയരുന്നത് (യിരെ. 9:23, 24). യേശുവിന് ദൈവത്തിന്റെ സ്വഭാവം ഉള്ളതിനാൽ, നാം പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കണം (യോഹ. 5:23).

(2) *യേശു എന്തു ചെയ്തു എന്നും എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നതും.* സകലത്തെയും സൃഷ്ടിച്ചതിനാൽ യേശു അതിശയകരമായിട്ടാണിരിക്കുന്നത്. അവൻ ആരംഭത്തിൽ പിതാവിനോടുകൂടിയായിരുന്നു, അവനു പിതാവിന്റെ സ്വഭാവവുമുണ്ട്. യേശു സകലവും സൃഷ്ടിച്ചു എന്നു പറഞ്ഞുകൊണ്ടാണ് യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത്.

അവൻ സകല സൃഷ്ടിയുടെയും ആരംഭം എന്നു പറഞ്ഞ് (വാ. 18), യേശു സൃഷ്ടിക്കപ്പെട്ടു എന്നല്ല പൗലൊസ് പറഞ്ഞത്, മറിച്ച്, സകലവും ആരംഭിച്ചത് അവനായിരുന്നു എന്നാണ്. അവൻ സൃഷ്ടിയുടെ ആരംഭവും, ഉറവിടവുമാണ്. ആദ്യം സൃഷ്ടിക്കപ്പെട്ടതു യേശുവായിരുന്നില്ല, കാരണം അവൻ സകലത്തിനും മുമ്പെയുള്ളവനും, സകലവും സൃഷ്ടിച്ചവനും, ആരംഭത്തിൽ പിതാവിനോടുകൂടെയായിരുന്നവനുമാകുന്നു.

അവന്റെ ശക്തിയുള്ള വചനത്താലാണ് അവൻ സകലവും വഹിക്കുന്നത് (എബ്രാ. 1:3). സകലവും സൃഷ്ടിച്ചത് വചനത്താലാണ് (എബ്രാ. 11:3), അതേ വചനം ഉപയോഗിച്ചാണ് സകലത്തെയും നിലനിർത്തുന്നത്. ഇപ്പോഴത്തെ ലോകം അവസാനം നശിപ്പിക്കുന്നതുവരെ അവന്റെ വചനമാണ് അതിനെ

സൂക്ഷിക്കുന്നത് (2 പത്രൊ. 3:5-7).

തന്റെ വചനത്താൽ സകലവും സൃഷ്ടിച്ചുകൊണ്ട്, വചനത്തിന്റെ ശക്തി യേശു പ്രദർശിപ്പിച്ചു (എബ്രാ. 4:12). അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് അവന്റെ വചനത്തിൽ ആശ്രയിക്കാം. അവൻ ചെയ്യുമെന്നു പറഞ്ഞത് തന്റെ വചനം മുഖാന്തരം ചെയ്യുമെന്ന് നമുക്ക് ഉറപ്പിക്കാം. അവന്റെ വചനം മുഖാന്തരം നമുക്ക് രക്ഷിക്കപ്പെടുവാൻ കഴിയും (യാക്കൊ. 1:21),താൻ മൂലം ലഭിക്കുമെന്നു പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങളെല്ലാം നമുക്ക് കിട്ടും.

(3) *യേശുവിന്റെ സ്ഥാനം*. അവനായിട്ടാണ് സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ലോകസ്ഥാപനത്തിനു മുൻപ് തന്നെ, ക്രിസ്തുവിനെ ഉയർത്തുവാൻ പിതാവ് തീരുമാനിച്ചിരുന്നു (പ്രവൃ. 2:23; എഫെ. 1:4; 1 പത്രൊ. 1:19, 20). ആ സംഭവം മുഖാന്തരം യേശു മഹത്വീകരിക്കേണ്ടിയിരുന്നു. മനുഷ്യവർഗത്തിന്റെ രക്ഷക്കായി അവൻ മരിക്കുകയാൽ, അവനെ മറ്റെല്ലാവരും ബഹുമാനിക്കണമെന്ന് ദൈവം മുൻനിർണ്ണയിച്ചിരുന്നു (ഫിലി. 2:8-11).

നാം ജീവിക്കുന്നത് നമുക്ക് വേണ്ടിയല്ല, യേശുവിന്നു വേണ്ടിയാണ്. അവനെ പുകഴ്ത്തി, ബഹുമാനിച്ച്, അവനെ സേവിക്കുക എന്നതാണ് നമ്മുടെ ഉദ്ദേശം. അവന്റെ മഹത്വത്തിനാണ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. അവൻ നമുക്ക് കാണിച്ചു തന്ന മാതൃകയിൽ ജീവിച്ച് (1 യോഹ. 2:6), അവന്റെ സ്വഭാവ മഹിമയാണ് നാം മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കേണ്ടത്.

അവൻ സകലത്തിന്നും മുമ്പെയുള്ളവൻ. അവൻ നിത്യതമുതൽ പിതാവിനോടുകൂടെയായിരുന്നു (മീഖാ. 5:2). ഒരു വ്യക്തിക്ക് ആരംഭവും അവസാനവുമില്ല എന്ന ആശയം നമുക്ക് മനസിലാക്കുവാൻ കഴിയാത്തതാണ്. നമുക്ക് കാണുവാൻ കഴിയുന്നതെല്ലാം എപ്പോഴും ഉണ്ടായിരുന്നതല്ല, അവ എപ്പോഴും ഉണ്ടായിരിക്കയുമില്ല.

അദൃശ്യമായ സ്വർഗീയ പ്രതലത്തിലാണ് യേശു ഉള്ളത് (2 കൊ. 5:1). നമ്മുടെ നിത്യജീവന് നമുക്ക് അവനെ ആശ്രയിക്കാം. കാരണം അവൻ നിത്യനാണ്. ക്രിസ്തുവിൽ ആകുന്നവർക്കാണ് നിത്യജീവൻ ലഭിക്കുന്നത് (യോഹ. 3:36; 1 യോഹ. 5:11, 12). നാം സ്നാനപ്പെടുമ്പോഴാണ് ക്രിസ്തുവിനോട് ചേരുന്നത് (റോമ. 6:3; ഗലാ. 3:27).

സർവ്വസമ്പൂർണ്ണതയും അവനിൽ വസിക്കുന്നു. വർത്തമാന കാലത്തിലും വരുവാനുള്ള കാലത്തിലും ജീവൻ സമൃദ്ധമായി നൽകുവാൻ യേശുവിനു മാത്രമെ കഴിയു (യോഹ. 10:10). പ്രപഞ്ചത്തിൽ സർവ്വവും അവനെ ആശ്രയിച്ചാണിരിക്കുന്നത്. അക്കാരണത്താൽ, നാം അവനിൽ വസിച്ച് അവനെ സേവിക്കുവാനായി, ജീവിതത്തിൽ അവന്റെ രാജ്യത്തിനു പ്രഥമ സ്ഥാനം നൽകണം (മത്താ. 6:33).

(4) *യേശുവിന്റെ ഉയർന്ന അധികാര സ്ഥാനം*. അവൻ സൃഷ്ടിയുടെ ആദ്യജാതനും, മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാകുന്നു, അങ്ങനെ അവനു സകലത്തിലും മുമ്പനാകുവാൻ കഴിഞ്ഞു. യെഹൂദ കുടുംബത്തിൽ ആദ്യം ജനിക്കുന്ന മകന് ഏറ്റവും ഉയർന്നതും പ്രത്യേകതയുള്ളതുമായ ബഹുമാനമാണുള്ളത്. സൃഷ്ടിക്കപ്പെട്ട സകലത്തിലും വെച്ച് യേശുവിന് ഈ ഒരു ഉയർന്ന സ്ഥാനമാണുള്ളത്. അവന് കീഴിൽ വരാതിരിക്കുന്നത് പിതാവ് മാത്രമാണ് (1 കൊ. 15:27). പ്രപഞ്ചത്തിൽ ശേഷമുള്ളതെല്ലാം അവന്നു കീഴ്പ്പെട്ടാണിരിക്കുന്നത്.

അവൻ ഒരിക്കൽ മരിച്ചു എങ്കിലും, ഇപ്പോൾ ജീവിച്ചിരിക്കുന്നു; കാരണം

അവൻ മരണത്തെ കീഴടക്കി. അവൻ മരിച്ചവരിൽ എല്ലാവരെക്കാളും, ഉയർന്ന ഒന്നാം സ്ഥാനത്താണ് ഇരിക്കുന്നത്. പൗലൊസ് ഈ സത്യമാണ് പഠിപ്പിച്ചിരിക്കുന്നത്, അവൻ ഉയർത്തെഴുന്നേറ്റു സ്വർഗാരോഹണം ചെയ്തതുമുതൽ സകലത്തെയും അവന്റെ കാൽകീഴാക്കി വെച്ചിരിക്കുന്നു.

മരണത്തിന് അവനെ പിടിച്ചുവെക്കുന്നത് അസാധ്യമായിരുന്നു (പ്രവൃ. 2:24). തന്റെ ജീവനെ നൽകുവാൻ ഉയർപ്പിച്ച് തിരികെ എടുക്കുവാനും അവന് അധികാരമുണ്ടായിരുന്നു (യോഹ. 10:18). മരിച്ചവരെ ഉയർപ്പിക്കുവാൻ തനിക്ക് ശക്തിയുണ്ടെന്ന് സ്വന്ത ഉയർപ്പിനാൽ അവൻ തെളിയിച്ചു.

യേശുവിന്റെ അധികാരത്തോട് മൽസരിക്കുവാൻ ഒരു മാനുഷികമായ അധികാരത്തിനും കഴിയുകയില്ല. അവൻ നമ്മുടെ കർത്താവും, യജമാനനുമായി നാം അവനെ മാനിച്ച് അനുസരിക്കണം, കാരണം യേശുവിനോട് പൊരുതുവാൻ ദൂതന്മാർക്കോ മനുഷ്യർക്കോ സാധ്യമല്ല. ദൈവശ്വാസിയ പ്രതിനിധികൾ മുഖേന ക്രിസ്തു വെളിപ്പെടുത്തിയ സത്യത്തിനു വിപരീതമായി ആരെങ്കിലും പഠിപ്പിച്ചാൽ, ആ വ്യക്തിയുടെ സ്വർഗീയമായ ശാപമാണ് വരുന്നത് (ഗലാ. 1:8, 9).

ശരീരമെന്ന സഭയുടെ തലയാണ് ക്രിസ്തു. കാരണം അവൻ ആരാണ് എന്നതിനാൽ, സഭ അവനെ സഭയുടെ തലയായി ബഹുമാനിക്കണം, യേശുവും സഭയും തമ്മിലുള്ള ബന്ധത്തെ, മനുഷ്യശരീരവും തലയും എങ്ങനെ ഘടിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞാണ് മനസിലാക്കി തരുന്നത്. ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളായ നാം, അവന്റെ സഭയായി, നമ്മുടെ ആത്മിയ തലയായ ക്രിസ്തുവിന് നാം കീഴ്പ്പെട്ടിരിക്കണം (എഫെ. 5:24). യേശുവിന് കൊടുക്കേണ്ട ആദരവ് നാം ഒരിക്കലും മറ്റൊരു വ്യക്തിക്കോ, സമൂഹത്തിനോ നൽകരുത്. നമ്മുടെ തല ക്രിസ്തു മാത്രമായിരിക്കണം.

ചുരുക്കത്തിൽ, ക്രിസ്തു ദൈവത്തിന്റെ പ്രതിമയാണ്, അവൻ മുഖാന്തരവും, അവന്നായുമാണ് സകലവും സൃഷ്ടിക്കപ്പെട്ടത്. അവന്നു പരമോന്നതമായ അധികാരമാണുള്ളത്. അക്കാരണത്താൽ നാം അവനെ അറിഞ്ഞ്, അവന്റെ ശക്തിയിൽ ആശ്രയിച്ച് ബഹുമാനിക്കണം.

### ക്രിസ്തുവിന്റെ യോഗ്യതകൾ (1:15, 17–19)

പ്രപഞ്ചത്തിൽ, യേശുവിന്റെ സ്ഥാനം നോക്കിയായിരിക്കണം ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതം നയിക്കേണ്ടത്. അത് നമ്മുടെ ചിന്തയെ മാത്രമല്ല, പ്രവൃത്തികളെയും സ്വാധീനിക്കും. യേശു ആരാണ് എന്നതിനാൽ നാം അവനോട് പൂർണ്ണമായും ബന്ധപ്പെടണം. അവനോടുള്ള നമ്മുടെ ഈ സമർപ്പണത്താൽ, നാം ദുരുപദേഷ്ടാക്കളെയും, നാശകരമായ പരിശീലനങ്ങളെയും (ദുർന്നടപ്പ്), വ്യതിചലിച്ച വഴികളും–അതിൽ തന്നെ തെറ്റില്ലെന്നു തോന്നിപ്പിക്കുന്നതാണ്, പക്ഷെ അതു ക്രിസ്തുവിനെ സേവിക്കുന്നതിൽനിന്ന് നമ്മെ മാറ്റി നിർത്തുന്നത് ഒഴിവാക്കണം, കാരണം നാം യേശുവിനോട് കടപ്പെട്ടിരിക്കയാണ്.

*യേശു ദൈവത്തിന്റെ പ്രതിമയാണ്* (വാ. 15). പിതാവിന്റെ സ്വഭാവം വെളിപ്പെടുത്തുവാനാണ് അവൻ വന്നത് (യോഹ. 1:18). അവൻ പഠിപ്പിച്ചത്, “എന്നെ കണ്ടവൻ എന്നെ അയച്ചവനെ കണ്ടിരിക്കുന്നു” (യോഹ. 12:45). “എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു” (യോഹ. 14:9). “ക്രിസ്തു ദൈവത്തിന്റെ പ്രതിമയാണ്” എന്നു എഴുതിയ ശേഷം, ആ ചിന്ത തുടർന്നു പൗലൊസ് പറഞ്ഞു,

"ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസുള്ള സുവിശേഷത്തിന്റെ പ്രകാശവും അവന്റെ മുഖത്തിലുള്ള തേജസിന്റെ പ്രകാശവും  നമ്മുടെ ഹൃദയത്തിൽ ശോഭിക്കണം" എന്നു പറഞ്ഞിരിക്കുന്നു (2 കൊ. 4:4, 6).

യേശു നിർമ്മലനും, പരിശുദ്ധനും, ദയയും, സ്നേഹവും, മനസലിവും ഉള്ളവനായിരുന്നു. അവന്റെ യോഗ്യതകളാണ് ക്രിസ്ത്യാനികൾ തങ്ങളുടെ മനോഗുണങ്ങളായി അവരിൽ വളർത്തിയെടുക്കേണ്ടത്. ദൈവത്തിന്റെ വിശുദ്ധസ്വഭാവഗുണങ്ങൾ നാം അനുകരിക്കണം. നമുക്ക് പിൻപറ്റുവാൻ അവൻ അത് മാതൃകയാക്കിയിരുന്നു (1 പത്രൊ. 1:16). നാം യേശു നടന്നതുപോലെ നടക്കുമ്പോൾ (1 യോഹ. 2:6), നാമും ദൈവത്തെ പോലെ ആകും.

*യേശു സകല സൃഷ്ടികളുടേയും ആദ്യജാതനാണ്* (വാ. 15). "ആദ്യജാതൻ" ആയതുകൊണ്ട്, യേശുവിനു ദൈവത്തിന്റെ ഭവനത്തിൽ ആദരണിയമായ ഒരു സ്ഥാനമാണുള്ളത്. അവൻ "അനേക സഹോദരങ്ങൾക്ക് ആദ്യജാതനായി" (റോമ. 8:29). ക്രിസ്ത്യാനികൾ "ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികൾ ആകുന്നു" (റോമ. 8:17). യേശു മനുഷ്യനായി (എബ്രാ. 2:14, 17) അങ്ങനെ ആളുകൾക്ക് അവന്റെ മാതൃക പിൻപറ്റുവാൻ കഴിയുന്നു. നമുക്ക് അവ*ന്നായി* ജീവിക്കുവാൻ കഴിഞ്ഞാൽ, അവനോടു*കൂടെ* വസിക്കുവാൻ കഴിയും. അവൻ നമ്മുടെ മൂത്ത സഹോദരനാണ്, ആയതിനാൽ പിൻഗാമികളോടുള്ള സ്നേഹവും കരുതലും നിമിത്തം നമുക്ക് ആവശ്യമുള്ളതെല്ലാം നൽകുന്നു. അവന്റെ നന്മയെയും, സ്നേഹത്തെയും മനസലിവിനെയും നാം അത്ഭുതത്തോടെയാണ് കാണുന്നത്.

പൊതുവിൽ, കുടുംബത്തിലെ താഴെയുള്ള മക്കൾ മൂത്ത മകനെ ഉയർന്ന നിലയിലാണ് കാണുന്നത്. അയാൾക്ക് മറ്റു മക്കളേക്കാൾ അനുഭവവും പക്വതയും കാണും, അത് ആഴമേറിയ ഉൾക്കാഴ്ച്ചക്കും ശ്രേഷ്ടമായ കഴിവുകൾക്കും കാരണമാകുന്നു. അയാൾ തന്റെ സ്വാഭാവിക സ്ഥാനവും ആദരവും ഗൗരവമായി എടുത്താൽ, താഴെയുള്ള സഹോദരീസഹോദരന്മാർക്ക് അയാൾ അനുകരിക്കാവുന്ന ഒരു മാതൃകയായി തീരും. തന്റെ ഓരോ അനുയായിയിൽനിന്നും ഇത്തരം ബഹുമാനമാണ് യേശു പ്രതീക്ഷിക്കുന്നത്.

*യേശു സകലത്തിലും മുമ്പെയുള്ളവൻ* (വാ. 17). യേശുവിന് നിത്യമായ സ്വഭാവമാണുള്ളത്, കാരണം അവൻ "നിത്യതമുതൽ ഉള്ളവനാണ്". ആരംഭത്തിൽ "ദൈവത്തോടുകൂടെ ആയിരിക്കയും," "ലോകസ്ഥാപനത്തിനു മുൻപ് ഉണ്ടായിരിക്കുകയും ചെയ്തു" (മീഖാ. 5:2; യോഹ. 1:2; 17:5). അവൻ പിതാവിനോടുകൂടെ നിത്യത മുതലുണ്ടായിരുന്നതുകൊണ്ട്, അവന്നു പിതാവിന്റെ പരിജ്ഞാനം ഉണ്ട്. പിതാവിനുള്ളതെല്ലാം പുത്രനുള്ളതും, പുത്രനുള്ളതെല്ലാം പിതാവിനുള്ളതുമാണ് (യോഹ. 17:10). അക്കാരണത്താൽ, നിത്യജീവനായി ദൈവത്തിനു മനുഷ്യർക്ക് നൽകാവുന്ന സകല പരിജ്ഞാനത്തിന്റേയും ഉറവിടം യേശു ആണെന്നു ക്രിസ്ത്യാനികൾക്ക് ഉറപ്പിക്കാം (യോഹ. 12:49, 50; 17:8).

*യേശുവിന് പ്രഥമ സ്ഥാനമാണുള്ളത്* (വാ. 18). സൃഷ്ടികർത്താവും, സകല സൃഷ്ടികളുടേയും ആദ്യജാതനും, സകലത്തിനും മുമ്പെയുള്ളവനും, എല്ലാം വഹിക്കുന്നവനുമാകയാൽ, ക്രിസ്തുവിന് എല്ലാറ്റിലും പ്രഥമസ്ഥാനമാണുള്ളത്. അവൻ ആരാണ് എന്നതിനാലും, പ്രപഞ്ചത്തിൽ അവന്റെ സ്ഥാനം എന്താണ് എന്നതിനാലും ക്രിസ്ത്യാനികൾ അവന്നു പകരം പ്രഥമ സ്ഥാനത്തു മറ്റാരെയും കാണരുത്. ക്രിസ്തുവിന്റെ അധികാരത്തിന്നു മുകളിൽ പിതാവ് മാത്രമാണുള്ളത് (1 കൊ. 15:27). യേശുവിനു മുൻപ് മറ്റാർക്കെങ്കിലും പ്രഥമ

പരിഗണന കൊടുത്താൽ നാം അവന്റെ അവകാശ സ്ഥാനത്തെ കവർന്നെടുക്കുകയാണ് ചെയ്യുന്നത്. അവൻ മനുഷ്യർക്കെല്ലാം മുകളിലാണ് (യോഹ. 17:2), ഭൂമിയിലേയും സ്വർഗത്തിലേയും അധികാരത്തിന് മുകളിലാണ് അവൻ (എഫെ. 1:20, 21), ദൂതസംഘത്തിനും മീതെയാണ് (1 പത്രൊ. 3:22).

സഭയുമായുള്ള ബന്ധത്തിലും അവന് "പ്രഥമ സ്ഥാനം" ആണുള്ളത്, കാരണം അവൻ സഭയുടെ തലയാണ് (എഫെ. 1:22, 23; 5:23). ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും, ശരീരമാകുന്ന സഭയിലെ അംഗങ്ങളെല്ലാം തലയാകുന്ന യേശുവിനെ ആണ് നോക്കേണ്ടത്. ശരീരം കരുതലിന്നും, നയിക്കലിന്നും തലയെയാണ് ശ്രദ്ധിക്കേണ്ടത്, ശരീരത്തിന്റെ ക്ഷേമമാണ് തലയുടെ ശ്രദ്ധ.

*യേശുവിൽ സർവ്വ സമ്പൂർണ്ണതയുമുണ്ട്* (വാ. 19). പ്രപഞ്ചത്തിന്റെ ആവശ്യങ്ങളെല്ലാം-ലോകത്തിലെയും സ്വർഗത്തിലെയും അടക്കം-യേശുവിലാണ് നിറവേറ്റുവാൻ കഴിയുന്നത്. ഓരോ മനുഷ്യ ഹൃദയത്തിന്റേയും ആവശ്യവും ആവേശവും അവനിലാണ് നിറവേറുന്നത്. അവനിൽ സർവ്വ സമ്പൂർണ്ണതയും നിറഞ്ഞിരിക്കുന്നു. പ്രപഞ്ചം മുഴുവൻ ആവശ്യമുള്ളതെല്ലാം, ഭൗതികമായാലും ആത്മികമായാലും നൽകുന്നത് അവനാണ്.

**ക്രിസ്തുവിന്റെ പ്രവൃത്തികൾ (1:16–18)**

*ആദിയിൽ ക്രിസ്തു എല്ലാം സൃഷ്ടിച്ചു* (വാ. 16, 18). ജീവന്റേയും വസ്തുവിന്റേയും ഉറവിടം അവനാണ്. ഈ പ്രപഞ്ചത്തിൽ അവനെ കൂടാതെ യാതൊന്നും ഉളവായിട്ടില്ല (യോഹ. 1:3). സൃഷ്ടിതാവായതിനാൽ, മനുഷ്യർക്ക് അവനെ പ്രതിനിധീകരിക്കുവാനായി ഭൗതികമായി യാതൊന്നും ഉണ്ടാക്കുവാൻ സാധ്യമല്ല. ബുദ്ധിയുള്ളവരിൽനിന്നു മാത്രമെ ബുദ്ധിയുള്ളവർ ഉത്ഭവിക്കുകയുള്ളു എന്നതിനാൽ ബുദ്ധിയില്ലാത്തവക്ക് ഒന്നും ദൈവത്തെ പ്രതിനിധീകരിക്കുവാൻ സാധ്യമല്ല എന്ന് പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു (പ്രവൃ. 17:29). സൃഷ്ടികൾക്ക് ഒരിക്കലും സൃഷ്ടികർത്താവിനു മുകളിലാകുവാൻ സാധ്യമല്ല. ആകയാൽ, സൃഷ്ടികളായ-മനുഷ്യർക്ക്, ദൈവം സൃഷ്ടിച്ച സൃഷ്ടികളെയല്ല-മറിച്ച് സൃഷ്ടികർത്താവിനെ മാത്രമെ ആരാധിക്കുവാൻ പാടുള്ളു (റോമ. 1:25) അല്ലെങ്കിൽ അത് വിഗ്രഹാരാധനയായി മാറും.

*അവൻ സകലത്തെയും ഒന്നിച്ച് വഹിക്കുന്നു* (വാ. 17). ഒരു വീടിനെ എന്തെങ്കിലും ഒരുമിച്ച് താങ്ങി നിർത്തിയില്ലെങ്കിൽ, അത് വീണുപോകും. ആണികൊണ്ടോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കൊണ്ടോ ഉറപ്പിച്ചു നിർത്തണം. അതുപോലെ തന്നെയാണ് ലോകവും ലോകത്തിലുള്ളതെല്ലാം നിലനിർത്തണം. തന്റെ ശക്തിയുള്ള വചനത്താലാണ് യേശു സകലവും വഹിക്കുന്നത് (എബ്രാ. 1:3). യേശുവിനെ കൂടാതെയുള്ളവർക്ക് തങ്ങളുടെ ലോകം ചിന്നഭിന്നമാകാതിരിക്കുവാൻ പ്രയാസപ്പെടേണ്ടിവരും. അവന്റെ അടുക്കൽ വരുന്നവർക്ക് ആന്തരിക ശക്തിയും ആത്മികമായ ആശ്വാസവും ലഭിക്കും (മത്താ. 11:28–30).

*അവൻ സഭയുടെ തലയാകുന്നു* (വാ. 18). ജീവിതത്തിന്റെ ഉയർന്ന തലങ്ങളിലുള്ളവർക്കെല്ലാം ക്രമമായി പ്രവർത്തിക്കുവാൻ ഒരു തലയുണ്ടായിരിക്കും. ശരീരത്തിനു വേണ്ട ശ്രദ്ധയും, നിയന്ത്രണവും, ദിശാബോധവും നൽകുന്നത് തലയാണ്. സഭക്ക് യേശു അങ്ങനെയാണ്. നടത്തിപ്പിന് ശരീരം തലയെയാണ് നോക്കുന്നത്. ആത്മാവിന്റെ സഹായവും, വചനം മുഖാന്തരമുള്ള നിർദ്ദേശ

ങ്ങളും ആത്മീയമായി എല്ലാം അവൻ നൽകുന്നു (എഫെ. 3:16).

മുമ്പെ അവന്റെ രാജ്യം അന്വേഷിച്ചവരുടെ ആവശ്യങ്ങൾ ഒന്നും യേശു അവഗണിക്കുകയില്ല എന്നതാണ് യേശു നൽകുന്ന മഹത്തായ വാഗ്ദാനം (മത്താ. 6:33).

കുറിപ്പുകൾ

[1]എഡ്വേർഡ് സ്കൈ്വസർ, *ദ ലെറ്റർ ടു ദ കോലൊഷ്യൻസ്: ഏ കമെന്ററി,* ട്രാൻസ്. ആൻഡ്ര്യു ചെസ്റ്റർ (സൂറിച്ച്: ബെൻസിഗർ വെർലാദ്, 1976; റീപ്രിന്റ്, മിന്നെപൊലിസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1982), 67-68. [2]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ന്യു ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ബേക്കർ ബുക്ക് ഹൗസ്, 1964), 72. [3]ഏ. ടി. റോബർട്ട്സൺ, *പോൾ ആന്റ് ദ ഇന്റലക്ച്വൽസ്*: *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ്*, റെവ. ആന്റ് എഡി. ഡബ്ലിയു സി. സ്ട്രിക്ലാന്റ് (നാഷ്‌വിലേ: ബ്രോഡ്മാൻ പ്രസ്, 1959), 44. [4]എച്ച് സി. ജി. മൗൾ, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ*, ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്ക്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രിഡ്ജ്: യൂണിവേഴ്സിറ്റി പ്രസ്, 1893; റീപ്രിന്റ്, 1902), 77. [5]ഇബിഡ്. [6]വാച്ച് ടവർ ബൈബിൾ ആന്റ് ട്രാക്റ്റ് സ്വസൈറ്റി ഓഫ് പെൻസിൽവാനിയ, *യു കാൻ ലിവ് ഫോറെവർ ഇൻ പാരഡൈസ് ഓൺ എർത്ത്* (ബ്രൂക്ക്ലിൻ, ന്യുയോർക്ക്: വാച്ച്ടവർ ബൈബിൾ ആന്റ് ട്രാക്റ്റ് സ്വസൈറ്റി ഓഫ് ന്യുയോർക്ക്, 1982), 58. [7]*ദ ന്യു വേൾഡ് ട്രാൻസ്ലേഷൻ ഓഫ് ദ ഹോളി സ്ക്രിപ്ച്ചേഴ്സ്* (ബ്രൂക്ക്ലിൻ, ന്യുയോർക്ക്: വാച്ച്ടവർ ബൈബിൾ ആന്റ് ട്രാക്റ്റ് സ്വസൈറ്റി ഓഫ് ന്യുയോർക്ക്, 1961), 1274. [8]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക്ക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 194. [9]സി. ബി. ഹോക്, ജൂനിയർ., "ഓൺലി ബിഗോട്ടൻ" *ഇൻ ദ ഇന്റർനാഷ്ണൽ ബൈബിൾ എൻസൈക്ലോപീഡിയ*, റെവ., എഡി. ജെഫ്രി ഡബ്ലിയു.ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 3:606. [10]ഈ. കെ. സിംസൺ ആന്റ് എഫ്.എഫ്. ബ്രൂസ്, *കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ്, ടു ദ എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 197.

[11]റോബർട്ട് ജി. ബ്രാച്ചർ ആന്റ് യൂജിൻ. എ.നിഡാ, *ഏ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ പോൾസ് ലെറ്റേഴ്സ് ടു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യുയോർക്ക്: യുണൈറ്റഡ് ബൈബിൾ സ്വസൈറ്റിസ്, 1977), 24. [12]ഡേവിഡ് എം. ഹേ, *കൊലൊഷ്യൻസ്*, അബിങ്ഡൺ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (നാഷ്‌വിലേ: അബിങ്ഡൺ പ്രസ്, 2000), 58. [13]സിംസൺ ആന്റ് ബ്രൂസ്, 199, എൻ. 85. [14]ബ്രാച്ചർ ആന്റ് നിഡാ, 24. [15]ജെ. ബി. ലൈറ്റ്ഫുട്ട്, *സെന്റ്. പോൾസ് എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ*, റെവ. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1916), 153. [16]റോബർട്ട്സൺ, 50. [17]ഇബിഡ്., 49-50. [18]ബ്രൂസ്, 205. [19]നോക്കുക, മത്താ. 28:18; 1 കൊ. 15:25-27; എഫെ. 1:20-23; ഫിലി. 2:10, 11; 1 പത്രൊ. 3:22; വെളി. 1:5; 12:5. [20]ആർ. സി. ലൂക്കാസ്, ദ മെസേജ് ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ:

ഫുൾനെസ് ആന്റ് ഫ്രീഡം, ദ ബൈബിൾ സ്പീക്സ് ടുഡെ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1980), 53.

[21]ഹേ, 62. [22]ഹെൻഡ്രിക്സെൻ, 81. [23]ഹെർബർട്ട് എം. കഴ്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ ടു ദ കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി,* ദ ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 46–47. [25]ഹേ, 53.